POSTAL REG NO GDP-44/2017-2019

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ


വാല്യം 2

ലക്കം 19

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 മെയ് 11/ഹി:ശം:1396 ഹിജ്റത്ത് 11/ഹി:ഖ: 1438 ശഅ്ബാൻ 14


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 07-04-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാംപേജിൽവായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**മസീഹുബ്നു മർയമിനെ ഞാൻ ഒരുപാട് ബഹുമാനിക്കുന്നു. എന്തുകൊണ്ടെന്നാൽ മസീഹുബ്നു മർയം ഇസ്റായേലി സമുദായത്തിന് ഖാതമുൽ ഖുലഫാ(ഖലീഫമാരിൽ അതിശ്രേഷ്ഠൻ) ആയിരുന്നതുപോലെ ആത്മീയതയുടെ അടിസ്ഥാനത്തിൽ ഞാൻ ഇസ്ലാമിൽ ഖാതമുൽ ഖുലഫായാകുന്നു. മൂസാ(അ)യുടെ സമുദായത്തിൽ ഇബ്നു മർയം വാഗ്ദത്ത മസീഹായിരുന്നു. മുഹമ്മദീ സമുദായത്തിൽ ഞാൻ വാഗ്ദത്ത മസീഹാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ ആദരിക്കുന്നു. അദ്ദേഹത്തിന്റെ സഹനാമിയാണു ഞാൻ. മസീഹുബ്നു മർയമിനെ ഞാൻ ആദരിക്കുന്നില്ലെന്ന് പറയുന്നവൻ ഉപദ്രവകാരിയും കറ്റുകെട്ടുകാരനുമാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഈസബ്നുമർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കുക. കശ്മീരിൽ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ[1] അദ്ദേഹത്തിന്റെ ഖബ്റുണ്ട്. അല്ലാഹു തന്റെ പ്രിയപ്പെട്ട ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ മരണവാർത്ത നല്കിയിരിക്കുന്നു.

പ്രസ്തുത ആയത്തിന് മരണമെന്നല്ല, മറ്റേതെങ്കിലും അർഥമാണുള്ളതെങ്കിൽ, ഈസാനബി മരിക്കുന്നതാണെന്നെവിടെയാണ് ഖുർആനിൽ പറയപ്പെട്ടിരിക്കുന്നത്? നമ്മുടെ എതിരാളികൾ കരുതുന്നതുപോലെ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള ആയത്തുകൾക്ക് മറ്റൊരർഥമാണുള്ളതെങ്കിൽ അദ്ദേഹം എപ്പോഴെങ്കിലും മരണമടയുന്നതാണെന്ന് കാണിക്കുന്ന വല്ല വചനവും ഖുർആനിലുണ്ടോ? അല്ലാഹു നമ്മുടെ നബിയുടെ മരണത്തെക്കുറിച്ച് അറിയിച്ചുതന്നിരിക്കുന്നു. എന്നാൽ, ഈസാനബി മരിക്കുന്നതിനെക്കുറിച്ച് ഖുർആനിൽ എവിടേയും പ്രതിപാദിക്കുന്നില്ല. ഇതിലുള്ള രഹസ്യമെന്താണ്?

ഈസാനബിയുടെ മരണ വാർത്ത *ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം*[2] എന്ന ആയത്തിൽ പറഞ്ഞിരിക്കുന്നുവെന്നാണെങ്കിൽ ഈ തിരുവചനം വളരെ സ്പഷ്ടമായി തെളിയിക്കുന്നത് ക്രിസ്ത്യാനികൾ വഴിപിഴയ്ക്കുന്നതിനു മുമ്പേ അദ്ദേഹം മരണപ്പെട്ടിരിക്കുന്നുവെന്നാണ്.[3]

ഫലമ്മാ തവഫ്ഫയ്ത്തനീ എന്ന ആയത്തിന് ജീവനുള്ള ശരീരത്തോടുകൂടി ആകാശത്തിലേക്കുയർത്തി എന്നാണർഥമെങ്കിൽ എന്തുകൊണ്ട് ഖുർആനിൽ അദ്ദേഹം മരിക്കുന്നതിനെക്കുറിച്ച് ഒന്നുംതന്നെ അല്ലാഹു സൂചിപ്പിക്കുന്നില്ല. അദ്ദേഹത്തിന്റെ ആകാശജീവിതമെന്ന മിഥ്യാവിശ്വാസം ലക്ഷക്കണക്കിനാളുകളെ നാശഗർത്തത്തിലാഴ്ത്തുകയുണ്ടായല്ലോ. അതായത് ദൈവം അദ്ദേഹത്തിന് സ്ഥായിയായ ജീവിതം നല്കിക്കൊണ്ട്, ജനങ്ങളെ ബഹുദൈവാരാധകരും നിർമതവാദികളും ആക്കിത്തീർത്തുവെന്ന് പറയേണ്ടിവരും. ഇത് ജനങ്ങളുടെ തെറ്റല്ല. ജനങ്ങളെ വഴിപിഴപ്പിക്കാൻ ദൈവം തന്നെ ചെയ്തതാണെന്ന് പറയേണ്ടിവരും. മസീഹിന്റെ മരണം മൂലമല്ലാതെ, കുരിശുവിശ്വാസത്തിന് നാശം സംഭവിക്കുകയില്ലെന്ന കാര്യം നന്നായിട്ടോർക്കുക. വിശുദ്ധഖുർആന്റെ അധ്യാപനത്തിന്നെതിരെ അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് കരുതുന്നതുകൊണ്ട് ആർക്കെന്ത് പ്രയോജനമാണുള്ളത്. ഇസ്ലാംമതം ജീവിക്കണമെങ്കിൽ അദ്ദേഹം മരിച്ചതായി തെളിയിക്കുക. അല്ലാഹു തന്റെ വചനംമൂലം മസീഹിന്റെ മരണം പ്രകടമാക്കിയിരിക്കുന്നു. നബി(സ)തിരുമേനി മിഅ്റാജ് രാവിൽ അദ്ദേഹത്തെ മരിച്ചവരോടൊപ്പം ദർശിക്കുകയും ചെയ്തു. എന്നിട്ടും നിങ്ങൾ അംഗീകരിക്കുവാൻ തയ്യാറില്ലെങ്കിൽ, അതെന്തൊരു ഈമാനാണ്? മനുഷ്യരുടെ നിവേദനങ്ങളെ ദൈവവചനങ്ങളേക്കാൾ മുന്തിക്കുന്നുവോ. എന്തൊരു മതമാണിത്.

താൻ, മരിച്ചവരായ മഹാത്മാക്കളുടെ ആത്മാക്കളിൽ ഈസാ നബിയുടെ ആത്മാവിനേയും കണ്ടുവെന്ന് നമ്മുടെ റസൂൽ(സ)തിരുമേനി സാക്ഷ്യം വഹിച്ചുവെന്നു മാത്രമല്ല സ്വയം മരണം വരിച്ചുകൊണ്ട് ഇതിനുമുമ്പേ സ്ഥായിയായി ആരുംജീവിച്ചിരിപ്പില്ലെന്ന് തെളിയിച്ചു കാണിക്കുകയും ചെയ്തു.

നമ്മുടെ എതിരാളികൾ വിശുദ്ധ ഖുർആനെ ഉപേക്ഷിക്കുന്നതുപോലെ റസൂൽ(സ) തിരുമേനിയുടെ സുന്നത്തിനേയും ഉപേക്ഷിക്കുകയാണ്. കാരണം മരണം നമ്മുടെ നബിയുടെ സുന്നത്താണ്. ഈസാ(അ) ജീവിച്ചിരിപ്പുണ്ടെങ്കിൽ മരണത്തിൽ നമ്മുടെ നബി(സ)തിരുമേനിക്ക് അപമാനമായിരുന്നേനെ. അതുകൊണ്ട് നിങ്ങൾ ഈസാനബിയുടെ മരണത്തിൽ വിശ്വസിക്കാത്തിടത്തോളം നിങ്ങൾ അഹ്ലു ഖുർആനുമല്ല അഹ്ലു സുന്നത്തുമല്ല. ഞാൻ ഹദ്റത്ത് ഈസാനബിയുടെ തേജോവിലാസത്തെ നിഷേധിക്കുന്നവനല്ല. എങ്കിലും മുഹമ്മദീ മസീഹ് മൂസവീ മസീഹിനേക്കാൾ ശ്രേഷ്ഠനാണെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. എന്നിരുന്നാലും മസീഹുബ്നു മർയമിനെ ഞാൻ ഒരുപാട് ബഹുമാനിക്കുന്നു. എന്തുകൊണ്ടെന്നാൽ മസീഹുബ്നു മർയം ഇസ്റായേലി സമുദായത്തിന് ഖാതമുൽ ഖുലഫാ(ഖലീഫമാരിൽ അതിശ്രേഷ്ഠൻ) ആയിരുന്നതുപോലെ ആത്മീയതയുടെ അടിസ്ഥാനത്തിൽ ഞാൻ ഇസ്ലാമിൽ ഖാതമുൽ ഖുലഫായാകുന്നു. മൂസാ(അ)യുടെ സമുദായത്തിൽ ഇബ്നു മർയം വാഗ്ദത്ത മസീഹായിരുന്നു. മുഹമ്മദീ സമുദായത്തിൽ ഞാൻ വാഗ്ദത്ത മസീഹാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ ആദരിക്കുന്നു. അദ്ദേഹത്തിന്റെ സഹനാമിയാണു ഞാൻ. മസീഹുബ്നു മർയമിനെ ഞാൻ ആദരിക്കുന്നില്ലെന്നു പറയുന്നവൻ ഉപദ്രവകാരിയും കറ്റുകെട്ടുകാരനുമാണ്. മസീഹ് എന്തായാലും മസീഹ് തന്നെ! ഞാൻ അദ്ദേഹത്തിന്റെ നാലു സഹോദരന്മാരേയും ബഹുമാനിക്കുന്നു.[4] കാരണം അഞ്ചുപേരും ഒരേ മാതാവിന്റെ മക്കളാകുന്നു. എന്നുമാത്രമല്ല ഞാൻ ഹദ്റത്ത് മസീഹിന്റെ കൂടപ്പിറപ്പായ രണ്ട് സഹോദരിമാരേയും വിശുദ്ധരായി മനസ്സിലാക്കുന്നു.

ഇവരെല്ലാം മഹാത്മാവായ കന്യാമർയത്തിന്റെ ഉദരത്തിൽനിന്നുള്ളവരാണ്. മർയമിന്റെ തേജോവിലാസം എന്താണെന്നുവെച്ചാൽ അവർ വളരെക്കാലം വിവാഹം കഴിക്കാതെ സ്വയം, തന്നെ തടഞ്ഞുനിറുത്തി. പിന്നീട് സമുദായത്തിലെ മഹനീയവ്യക്തികളുടെ നിർബന്ധംകൊണ്ട് ഗർഭം കാരണം വിവാഹം കഴിച്ചു. തൗറാത്തിന്റെ അധ്യാപനത്തിന് വിരുദ്ധമായി ഗർഭിണിയായ അവസ്ഥയിൽ എന്തിന് വിവാഹം കഴിച്ചെന്നും കന്യകയായിരിക്കുമെന്നുള്ള പ്രതിജ്ഞ എന്തിന് ലംഘിച്ചെന്നും എന്തിന് ബഹുഭാര്യത്വത്തിന് അടിത്തറയിട്ടുവെന്നും പറഞ്ഞ് ആളുകൾ അവരെ ആക്ഷേപിക്കുന്നു. അതായത്, യൂസുഫിന് ആദ്യഭാര്യയുണ്ടായിരിക്കെ മർയം എന്തിനാണ് അദ്ദേഹവുമായി വിവാഹം ഇഷ്ടപ്പെട്ടത്? എന്നാൽ ഞാൻ പറയുന്നത് ഇതെല്ലാം നിർബന്ധസാഹചര്യം ഉണ്ടായതിനാലാണെന്നാണ്. ഈ പരിതസ്ഥിതികളിൽ അവരെല്ലാം സഹതാപാർഹരാകുന്നു; ആക്ഷേപാർഹരല്ല.

Notes

1. ക്രിസ്തീയ ഗവേഷകന്മാർ ഇതേ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു. വിശദീകരണം ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ ഗ്രന്ഥമായ തുഹ്ഫാ ഗോൾഡവിയ, 139-ാം പേജ് നോക്കുക.
2. ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് ഈസാനബി(അ) വീണ്ടും ഈ ലോകത്ത് വരുന്നതല്ലെന്നാണ്. കാരണം അദ്ദേഹം ഈ ലോകത്ത് വീണ്ടും വരുന്നതാണെങ്കിൽ, തനിക്ക് ക്രൈസ്തവർ വഴിപിഴച്ചുപോയതിനെപ്പറ്റി അറിയുകയില്ലെന്നു പറഞ്ഞത് കളവായിത്തീരും. കാരണം അദ്ദേഹം വീണ്ടും ദുൻയാവിൽ വരികയും നാല്പതുവർഷക്കാലം ഇവിടെ ജീവിക്കുകയും ചെയ്യുന്ന സ്ഥിതിക്ക് തന്റെ സമുദായമായ ക്രിസ്ത്യാനികൾ തന്നെ ദൈവമായി വിശ്വസിക്കുന്നത് കാണുകയും കുരിശുടയ്ക്കുകയും എല്ലാ ക്രിസ്ത്യാനികളേയും മുസൽമാന്മാരാക്കുകയും ചെയ്തതിനുശേഷം മരണാന്തരം അല്ലാഹുവിനോടു ക്രിസ്ത്യാനികൾ വഴിപിഴച്ചതായ ഒരു വിവരവും തനിക്കില്ല എന്ന് എങ്ങനെയാണ് അദ്ദേഹത്തിന് ഒഴികഴിവ് പറയുവാൻ സാധിക്കുക?
3. വിശുദ്ധ ഖുർആനിലെ ഒരു വചനത്തിൽ മസീഹും അദ്ദേഹത്തിന്റെ മാതാവും കുരിശുസംഭവത്തിനു ശേഷം കശ്മീരിലേക്ക് പോയിരുന്നതായി വ്യക്തമായും സൂചിപ്പി

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

♦എല്ലാ ജനതകളും സംഘടനകളും മാനുഷികമൂല്യങ്ങളുടെ സ്ഥാപനത്തിനും ലോകത്തെ സമാധാനത്തിന്റെ കളിത്തൊട്ടിലാക്കുന്നതിനുംവേണ്ടി ഒറ്റക്കെട്ടായി ശ്രമിക്കേണ്ടതാണ്. ♦ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ അതിന്റെ നാമത്തിന് അനുയോജ്യമായിട്ടുള്ളതാകുന്നു എന്നതാണ്. ഇസ്‌ലാം എന്ന പദത്തിന്റെ അർഥംതന്നെ സമാധാനം സ്നേഹം സാഹോദര്യം എന്നാണ്. അതിന്റെ സകല അധ്യാപനങ്ങളും ഈ ഉന്നതമായ മൂല്യങ്ങളുടെ ചുറ്റം കറങ്ങിക്കൊണ്ടിരിക്കുന്നു. ♦എന്റെ വിശ്വാസവും എന്റെ അധ്യാപനവും ഇതുതന്നെയാണ്. അതായത് എല്ലാ മനുഷ്യർക്കും, അവർ ഏതു രാജ്യക്കാരാണെങ്കിലും നഗരവാസികളാണെങ്കിലും കസബയോ ഗ്രാമവുമായി ബന്ധവെക്കുന്നവരാണെങ്കിലും മതം സ്വീകരിക്കുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും അടിസ്ഥാനപരമായ അവകാശമുണ്ട്. പിന്നീട് സമാധാനപരമായി തങ്ങളുടെ മതപ്രബോധനം നടത്താനും എല്ലാ ഓരോരുത്തർക്കും അവകാശമുണ്ട്. ♦തങ്ങളുടെ പൗരന്മാരുടെ അവകാശങ്ങൾ ഇല്ലാതാക്കുന്നതിനുപകരം ജനങ്ങളുടെ സുരക്ഷിതത്വത്തിനായി അവരുടെ അവകാശങ്ങൾ നിലനില്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത് ഭരണകൂടത്തിന്റേയും അസംബ്ലി അംഗങ്ങളുടേയും ജോലിയാണ്. ♦മുസ്‌ലിം രാഷ്ട്രങ്ങൾ ഈ കുഴപ്പങ്ങളുടേയും അസ്ഥിരതയുടേയും കേന്ദ്രമായി കഴിഞ്ഞിരിക്കുന്നുവെന്നതാണ് അങ്ങേയറ്റം വിഷമകരമായ കാര്യം. വാസ്തവത്തിൽ അവരുടെ മതം അവർക്ക് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി അത്യുന്നതമായ അധ്യാപനം നല്കിയിരിക്കുന്നു.

# കനഡിയൻ പാർലമെന്റിൽ അമീറുൽമുഅ്മിനീന്റെ ഐതിഹാസികമായ പ്രഭാഷണം

2016 ഒക്ടോബർ 17ന് അമീറുൽ മുഅ്മിനീൻ കനഡ പാർലമെന്റിൽ അതായത് പാർലമെന്റ് ഹില്ലിൽ പോകുകയുണ്ടായി. അവിടെ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടത്. പാർലമെന്റിൽ വിവിധ സെനറ്റ്(Senate)അംഗങ്ങളും മന്ത്രിമാരും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ അവസ്ഥകളേയും സമാധാന സംസ്ഥാപനത്തേയും സംബന്ധിച്ച് പാർലമെന്റിൽ പ്രഭാഷണം നടത്തി. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ഉലമാ, രാഷ്ട്രീയനേതാക്കൾ, ജീവിതത്തിലെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവർ, തുടങ്ങിയവർക്ക് വളരെ ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല അഭിപ്രായപ്രകടനങ്ങൾ നടത്തി. അമീറുൽ മുഅ്മിനീന്റെ ആ ദിവസത്തെ പരിപാടികൾ അങ്ങേയറ്റം വിശ്വാസധാർഢ്യം വരുത്തുന്നതായിരുന്നു. അതുകൊണ്ട് വായനക്കാർക്കുവേണ്ടി ആ ദിവസം നടന്ന പരിപാടികളുടെ പൂർണരൂപം തുടർലക്കങ്ങളിൽ ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)

**(ഭാഗം 6)**

ഏഴുമണിയോടെ അമീറുൽമുഅ്മിനീന്റെ ഇംഗ്ലീഷ് പ്രഭാഷണം തുടങ്ങി.

**അമീറുൽമുഅ്മിനീന്റെ പ്രഭാഷണം:**

ബിസ്മില്ലാഹിർറഹ്മാനിർറഹീം. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. ആദരണീയരായ അതിഥികളേ! അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. നിങ്ങളിലെല്ലാവരിലും അല്ലാഹുവിന്റെ കാരുണ്യവും സമാധാനവും ഇറങ്ങുമാറാകട്ടെ. ഏറ്റവുമാദ്യം ഞാൻ നിങ്ങൾക്കെല്ലാവർക്കും പ്രത്യേകിച്ചും ജോഡിസഗ്രോ സാഹിബായ്ക്കും ഇവിടെ വരാൻ നിങ്ങളെന്നെ ക്ഷണിച്ചതിന് നന്ദി പറയുകയാണ്.

തുടർന്ന് അമീറുൽമുഅ്മിനീൻ പറഞ്ഞു:'ഞാനൊരു രാഷ്ട്രീയക്കാരനല്ല. ഏതെങ്കിലും രാഷ്ട്രീയ സംഘടനയുടെ നേതാവുമല്ല. പ്രത്യുത അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ നേതാവണു ഞാൻ. അത് തികച്ചും ആത്മീയവും മതപരവുമായ ജമാഅത്താണ്. ആരുടേത് എന്തു ബാക്ഗ്രൗണ്ടാണ് എന്ന കാര്യം അവഗണിച്ചുകൊണ്ട് നമ്മളെല്ലാവരും മനുഷ്യത്വത്തിനുവേണ്ടി ഒറ്റക്കെട്ടാണ്. എല്ലാ ജനതകളും സംഘടനകളും മാനുഷികമൂല്യങ്ങളുടെ സ്ഥാപനത്തിനും ലോകത്തെ സമാധാനത്തിന്റെ കളിത്തൊട്ടിലാക്കുന്നതിനുംവേണ്ടി ഒറ്റക്കെട്ടായി ശ്രമിക്കേണ്ടതാണ്. മാനുഷികമായ മൂല്യങ്ങളും കടമകളും ഏതെങ്കിലും ഒരു രാജ്യത്തോ സ്ഥലത്തോ ഇല്ലാതാകുകയാണെങ്കിൽ ലോകത്തിന്റെ മറ്റുഭാഗങ്ങളിലും അത് ബാധിക്കുന്നതായിരിക്കും. ഈ അക്രമം പിന്നീട് കൂടുതൽ വ്യാപിച്ചുകൊണ്ടു പോകും. ഇതുപോലെതന്നെ ലോകത്തിന്റെ ഏതെങ്കിലും ഒരു രാജ്യത്തോ പ്രദേശത്തോ മാനുഷിക മൂല്യങ്ങൾ നിലനില്ക്കുന്നുണ്ടെങ്കിൽ, ക്ഷേമവും ഐശ്വര്യവും നിലനില്ക്കുന്നുണ്ടെങ്കിൽ അതിന്റെ പോസിറ്റീവായിട്ടുള്ള സ്വാധീനം ലോകത്തിലെ മറ്റു പ്രദേശങ്ങളിലും ജനങ്ങളിലും പതിക്കുന്നതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: 'നെറ്റും ആധുനികമായ മറ്റു ദൃശ്യശ്രാവ്യ മാധ്യമങ്ങളും മുഖേന നമ്മൾ പരസ്പരം വളരെ അടുത്തിരിക്കുന്നു. ഭൂമിശാസ്ത്രപരമായ പരിധികളൊന്നും അതിനെ ബാധിക്കുന്നില്ല. എന്നാൽ, പരസ്പരം നമ്മൾ ഇങ്ങനെ ബന്ധപ്പെടുന്നുണ്ടെങ്കിൽത്തന്നെയും നിത്യവും നമ്മൾ പരസ്പരം അകന്നുകൊണ്ടിരിക്കുന്നുവെന്നതാണ് പരിതാപകരം. ഇത് അങ്ങേയറ്റം വിഷമകരമായ കാര്യമാണ്. ഐക്യപ്പെടുന്നതിനും മനുഷ്യകുലത്തിൽ സ്നേഹം പരത്തുന്നതിനും പകരം വെറുപ്പ്, അക്രമം, അനീതി തുടങ്ങിയവ പരത്തുന്നതിന് വലിയ പങ്കാണ് ലോകം വഹിച്ചുകൊണ്ടിരിക്കുന്നത്. ഇത് ദുഃഖത്തിന് കാരണമാണ്. ജനങ്ങൾ തങ്ങളുടെ പരാജയത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കാൻ തയ്യാറല്ല. ഓരോരുത്തരും പരസ്പരം പഴിചാരുകയാണ്. തന്നെ കൂടാതെ മറ്റുള്ള എല്ലാവരേയും ലോകത്തിന്റെ അഭിപ്രായ ഭിന്നതകൾക്കും കലഹങ്ങൾക്കും നിമിത്തമായി മനസ്സിലാക്കുന്നു. പരസ്പരം വിശ്വാസമില്ലായ്മയിലൂടെയാണ് നമ്മൾ ഇപ്പോൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. തങ്ങൾ ചെയ്യുന്ന ഈ കർമങ്ങളുടെ താൽക്കാലികവും ദൂരവ്യാപകവുമായ ഫലങ്ങൾ എന്തായിരിക്കുമെന്ന് ആർക്കും കണക്കുകൂട്ടാൻ സാധിക്കുന്നില്ല.

അമീറുൽമുഅ്മിനീൻ പറഞ്ഞു: 'ഇപ്പോൾ ലോകത്ത് മുഴുവൻ ഇസ്‌ലാമിനോടുള്ള ഭയം കൂടിക്കൂടി വരികയാണ്. എന്നാൽ, മാധ്യമങ്ങളിൽ കേൾക്കുന്നതോ കാണുന്നതോ ആയ ഇസ്‌ലാമല്ല യഥാർഥ ഇസ്‌ലാമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരാൻ ആഗ്രഹിക്കുകയാണ്. എനിക്കുള്ള ഇസ്‌ലാമിന്റെ അറിവ് എന്താണെന്നാൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ അതിന്റെ നാമത്തിന് അനുയോജ്യമായിട്ടുള്ളതാകുന്നു എന്നതാണ്. ഇസ്‌ലാം എന്ന പദത്തിന്റെ അർഥംതന്നെ സമാധാനം സ്നേഹം സാഹോദര്യം എന്നാണ്. അതിന്റെ സകല അധ്യാപനങ്ങളും ഈ ഉന്നതമായ മൂല്യങ്ങളുടെ ചുറ്റം കറങ്ങിക്കൊണ്ടിരിക്കുന്നു. എന്നാലും ചില മുസ്‌ലിം സംഘങ്ങൾ എങ്ങനെയുള്ളവരാണെന്നാൽ അവരുടെ വിശ്വാസാദർശങ്ങളും കർമങ്ങളും ദൗർഭാഗ്യവശാൽ ഇതിന് കടകവിരുദ്ധമാണ്. അവർ ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കർമങ്ങൾക്കെതിരെ ഇസ്‌ലാമിന്റെ പേരിൽ ഭയാനകമായ അക്രമങ്ങളും ഭീകരപ്രവർത്തനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. അതിനാൽ ഇക്കാര്യങ്ങൾ മുന്നിൽവച്ചുകൊണ്ട് നിങ്ങളോടു ഇസ്‌ലാമിന്റെ സത്യസന്ധവും സമാധാന നിർഭരവുമായ പാഠം സമർപിക്കുന്നതാണ്. അമീറുൽമുഅ്മിനീൻ പറഞ്ഞു:'ഈ സ്ഥലം, ഇവിടെയാണല്ലോ നിങ്ങളെന്നെ വളരെ ധൈര്യത്തോടെ ക്ഷണിച്ചത്. ഇത് ഏതെങ്കിലും മതപരമായ സ്ഥലമൊന്നുമല്ല. നിങ്ങളിൽ ഭൂരിഭാഗവും മതകാര്യങ്ങളിൽ താൽപര്യമില്ലാത്തവരും ആയിരിക്കാം. പക്ഷേ, നിയമപരമായ നിലയിൽ ചില നേരങ്ങളിൽ നിങ്ങൾക്ക് മത വിശ്വാസികളിൽ സ്വാധീനം ചെലുത്തുന്ന ചില കാര്യങ്ങൾ ഉണ്ടാകാറുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിന്റെ ബഖറ എന്ന അധ്യായത്തിന്റെ 257-ാം വചനത്തിൽ വ്യക്തമായും പറയുന്നു:"മതത്തിൽ ഒരു നിർബന്ധവുമില്ല." എത്രമാത്രം വ്യക്തവും എല്ലാം അടങ്ങിയതുമായ അധ്യാപനമാണിത്. ഇത് ആവിഷ്കാര സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും ഉൾക്കൊള്ളുന്നതാണ്. അതിനാൽ എന്റെ വിശ്വാസവും എന്റെ അധ്യാപനവും ഇതുതന്നെയാണ്. അതായത് എല്ലാ മനുഷ്യർക്കും, അവർ ഏതു രാജ്യക്കാരാണെങ്കിലും നഗരവാസികളാണെങ്കിലും കസബയോ ഗ്രാമവുമായി ബന്ധംവെക്കുന്നവരാണെങ്കിലും മതം സ്വീകരിക്കുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും അടിസ്ഥാനപരമായ അവകാശമുണ്ട്. പിന്നീട് സമാധാനപരമായി തങ്ങളുടെ മതപ്രബോധനം നടത്താനും എല്ലാ ഓരോരുത്തർക്കും അവകാശമുണ്ട്. അടിസ്ഥാനപരമായ മനുഷ്യാവകാവകാശങ്ങളിൽ ഈ സ്വാതന്ത്ര്യത്തിനും ജാമ്യം ഉണ്ടാകേണ്ടതാണ്. അസംബ്ലികളും ഭരണകൂടങ്ങളും അനാവശ്യമായി ഇക്കാര്യങ്ങളിൽ ഇടപെടാൻ പാടില്ല. ഇല്ലെങ്കിൽ അവരുടെ കൈകടത്തൽ പ്രതിഷേധം ആളിക്കത്തിക്കാൻ ഇടയാക്കുന്നതാണ്. അതുമുഖേന നിരാശയും അസാമാധനവും ഉണ്ടാകുകയും ചെയ്യും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു:'ഇപ്പോൾ നമ്മൾ കണ്ടുവരുന്നത് മുസ്‌ലിം ഭരണകൂടങ്ങൾ ഇത്തരം വ്യക്തിപരമായ കാര്യങ്ങളിൽ ഇടപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ഇത് വിഷമത്തോടെ പറയേണ്ടി വരുന്നു. ഈ രാഷ്ട്രങ്ങളിലെ അസ്ഥിരതയ്ക്കും അഭിപ്രായഭിന്നതകൾക്കുമുള്ള അടിസ്ഥാനപരമായ കാരണം ഇതുതന്നെയാണ്. ഇതുമുഖേന തീവ്രവാദ മതനേതാക്കൾക്കും ഭീകരവാദികൾക്കും മാത്രമാണ് നേട്ടമുണ്ടായിക്കൊണ്ടിരിക്കുന്നത്. അവർ ജനങ്ങളുടെ നിരാശകളെ മുതലെടുത്ത് ബലാൽക്കാരങ്ങളും കുഴപ്പങ്ങളും വിധ്വംസകപരമായ കലഹങ്ങളും ഊതിക്കത്തിച്ചുകൊണ്ടിരിക്കുന്നു. യഥാർഥ ജനാധിപത്യത്തിന്റെ അവകാശികളെന്ന് വാദിക്കുന്ന പാശ്ചാത്യ ഭരണകൂടങ്ങളും തികച്ചും നിരപരാധികളും നിഷ്കളങ്കരുമാണെന്നും പറയാൻ സാധ്യമല്ല. പാശ്ചാത്യ ദേശത്ത് ചില നേരങ്ങളിൽ അവർ ആഗോള മതസ്വാതന്ത്ര്യത്തിന്റേയും സഹിഷ്ണുതയുടേയും ധ്വജവാഹകരായിരുന്നിട്ടും പാശ്ചാത്യവാദങ്ങൾക്ക് വിരുദ്ധമായ നിയമങ്ങളും ചട്ടങ്ങളും നടപ്പിൽ വരുത്തുന്നതായി കാണാറുണ്ട്. പാശ്ചാത്യ ദേശത്ത് എല്ലാവരും സ്വതന്ത്രരാണെന്നും അവർക്ക് എന്തുവേണമെങ്കിലും വിശ്വസിക്കാമെന്നും തങ്ങളുടെ മതമനുസരിച്ച് സമാധാനത്തോടെ ജീവിക്കാമെന്നുമുള്ള വീക്ഷണങ്ങൾക്കു വിരുദ്ധമായി ചിലപ്പോൾ നിയമങ്ങളുമുണ്ടാക്കുന്നു. ഭരണകൂടങ്ങളും അസംബ്ലികളും ജനങ്ങളുടെ അടിസ്ഥാനപരമായ മതവിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും നിയന്ത്രണം ഏർപെടുത്തുന്നത് ബുദ്ധിപരമായ ചുവടുവെപ്പല്ല. സ്ത്രീകൾ എന്തുവസ്ത്രമാണ് ധരിക്കുന്നതെന്ന് ഭരണകൂടം നോക്കേണ്ട ആവശ്യമില്ല. ആരാധാനാലയങ്ങൾ എങ്ങനെ നിർമിക്കണമെന്ന് നി

(ശേഷം പേജ് 8ൽ)

# ഖുത്ബ ജുമുഅ

**ജമാഅത്ത് ഔദ്യോഗികമായി രൂപീകരിക്കാത്ത കാലത്തുതന്നെ ആരംഭിച്ചതാണ് ഹദ്റത്ത മസീഹ് മൗഊദ്(അ)നെതിരിലുള്ള എതിർപ്പ്. ആ മഹാത്മാവ് ബയ്അത്തുവാങ്ങാനും തുടങ്ങിയിരുന്നില്ല. മുസ്ലീംകളും അമുസ്ലീംകളും അദ്ദേഹത്തെ എതിർക്കുന്നതിൽ തങ്ങളുടെ മുഴുവൻ ശക്തിയും പ്രയോഗിച്ചു. ഇപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ഇതിൽ മുമ്പിൽ നില്ക്കുന്നത് മുസ്ലീംകളാണ്. പക്ഷേ, അല്ലാഹു അദ്ദേഹത്തിന്റെ ജമാഅത്തിനെ വർധിപ്പിച്ചുകൊണ്ടേപോകുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 209 രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ട്. പ്രത്യേകിച്ചും മുസ്ലിം രാഷ്ട്രങ്ങളിൽ ഞാൻ പറഞ്ഞതുപോലെ എവിടെയൊക്കെയാണോ ആളുകൾ ജമാഅത്തിലേക്ക് ശ്രദ്ധിക്കുന്നത് അവിടെയൊക്കെ ആസൂത്രിതമായി എതിർപ്പും ആരംഭിക്കുന്നു. ചില രാഷ്ട്രീയക്കാരായ ഉലമായും അവർക്കു വിധേയരായിട്ടുള്ള സർക്കാരുദ്യേഗസ്ഥരും എന്നല്ല കോടതികളിലെ ജഡ്ജിമാർപോലും എതിർപ്പിൽ ഭാഗഭാക്കാകുന്നു.**

**ഈയിടെയായി അൽജീരിയായിലെ അഹ്മദികളേയും അക്രമത്തിന് കുറിമാനമാക്കിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ഈ നിരപരാധികളേയും മർദിതരേയും നമ്മൾ നമ്മുടെ ദുആകളിൽ ഓർക്കേണ്ടതാണ്. അല്ലാഹു അവരെ ഉറപ്പിച്ചുനിറുത്തുകയും ഈ അക്രമികളിൽനിന്ന് രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ഇപ്രകാരംതന്നെ പാക്കിസ്താനിലെ അഹ്മദികളേയും നിങ്ങളുടെ ദുആയിൽ ഓർക്കുക. അവിടേയും പഞ്ചാബിൽ പ്രത്യേകമായും ഗൂഢപദ്ധതി ആസൂത്രണം ചെയ്ത് അക്രമം ചെയ്തുവരികയാണ്.**

**ഈ എതിർപുകൾക്ക് മുമ്പൊന്നും തകർക്കാൻ കഴിഞ്ഞിട്ടില്ല, ഇനിയൊട്ടു ഇൻശാ അല്ലാഹ് തകർക്കാൻ സാധിക്കുകയുമില്ല. അല്ലഹുവിന്റെ സഹായം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടെ എപ്പോഴും ഉണ്ടായിട്ടുണ്ട്. ശത്രു എപ്പോഴും പരാജിതരും നഷ്ടപ്പെട്ടവരുമായിരുന്നതായിട്ടാണ് നമ്മൾ കണ്ടിട്ടുള്ളത്. ഭാവിയിലും അങ്ങനെതന്നെയായിരിക്കും ഉണ്ടാകുക. ഇവർ ഒരു സ്ഥലത്ത് എതിർക്കുമ്പോൾ അല്ലാഹു നൂറിടത്ത് തബ്ലീഗിനുള്ള മൈതാനം തുറന്നുതരുന്നു. അൽജീരിയായിലും അവർ അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ ശ്രമിച്ചു. പത്രങ്ങളും മറ്റുമാധ്യമങ്ങളും അത് ചർച്ച ചെയ്തു. ജമാഅത്തിന്നെതിരിലുള്ള വാർത്തകൾ നല്കി. പ്രചരിപ്പിച്ചു. എന്നല്ല പത്രങ്ങളും തികഞ്ഞ എതിർപിൽ തങ്ങളുടേതായ നിലയിൽ പങ്കുവഹിച്ചു. പക്ഷേ, ഇതേകര്യം തന്നെ ജമാഅത്തിന്റെ പ്രബോധനത്തിനുള്ള മാർഗമായിത്തീർന്നു.**

**(നവഅഹ്മദികളുടെ സ്ഥൈര്യം, എതിർപിന്റെ ഫലമായി അഹ്മദിയ്യാ ജമാഅത്തിലേക്കുള്ള ജനങ്ങളുടെ ശ്രദ്ധ, തബ്ലീഗിനുള്ള പുതുവഴികൾ തുറക്കൽ, എതിരാളികളുടെ ദുരുദ്ദേശ്യത്തിൽ പരാജയം, സത്യാത്മാക്കൾക്ക് അല്ലാഹുവിൽനിന്ന് മാർഗദർശനം, വിവിധ രാജ്യങ്ങളിൽ ദൈവികമായ സഹായത്തിന്റെ തെളിമയാർന്ന അടയാളങ്ങൾ അടങ്ങിയ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച).**

**ഡാനിഷ് അഹ്മദി നാജി നൂഹ് സെവന്ദ് ഹെൻസൺ NajiNuh Svend Hansen സാഹിബിന്റെ വഫാത്തും അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ജുമുഅ ഖുത്ബ 2017 ഏപ്രിൽ 7/1396 ശഹാദത്ത് 7**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ - اَلرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ -

ജമാഅത്ത് ഔദ്യോഗികമായി രൂപീകരിക്കാത്ത കാലത്തുതന്നെ ആരംഭിച്ചതാണ് ഹദ്റത്ത മസീഹ് മൗഊദ്(അ)നെതിരിലുള്ള എതിർപ്പ്. ആ മഹാത്മാവ് ബയ്അത്തുവാങ്ങാനും തുടങ്ങിയിരുന്നില്ല. മുസ്ലീംകളും അമുസ്ലീംകളും അദ്ദേഹത്തെ എതിർക്കുന്നതിൽ തങ്ങളുടെ മുഴുവൻ ശക്തിയും പ്രയോഗിച്ചു. ഇപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ഇതിൽ മുമ്പിൽ നില്ക്കുന്നത് മുസ്ലീംകളാണ്. പക്ഷേ, അല്ലാഹു അദ്ദേഹത്തിന്റെ ജമാഅത്തിനെ വർധിപ്പിച്ചുകൊണ്ടേപോകുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 209 രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ട്. പ്രത്യേകിച്ചും മുസ്ലിം രാഷ്ട്രങ്ങളിൽ ഞാൻ പറഞ്ഞതുപോലെ എവിടെയൊക്കെയാണോ ആളുകൾ ജമാഅത്തിലേക്ക് ശ്രദ്ധിക്കുന്നത് അവിടെയൊക്കെ ആസൂത്രിതമായി എതിർപ്പും ആരംഭിക്കുന്നു. ചില രാഷ്ട്രീയക്കാരായ ഉലമായും അവർക്കു വിധേയരായിട്ടുള്ള സർക്കാരുദ്യേഗസ്ഥരും എന്നല്ല കോടതികളിലെ ജഡ്ജിമാർപോലും എതിർപ്പിൽ ഭാഗഭാക്കാകുന്നു.

ഈയിടെയായി അൽജീരിയായിലെ അഹ്മദികളേയും അക്രമത്തിന് കുറിമാനമാക്കിക്കൊണ്ടിരിക്കുകയാണ്. മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ മസീഹ് മൗഊദ് വാദം കളവാണെന്നും അയാൾ മസീഹ് മൗഊദല്ലെന്നും നഊദുബില്ലാഹ് അയാൾ ഇസ്ലാം വിരുദ്ധശക്തികളുടെ ഏജന്റാണെന്നും ഇസ്ലാം വിരുദ്ധശക്തികളുടേയും പാശ്ചാത്യൻ രാജ്യങ്ങളുടേയും പിന്തുണയാണ് അയാൾക്കുള്ളതെന്നും അവരാണ് ഇയാളെ എഴുന്നേല്പിച്ച് നിറുത്തിയിരിക്കുന്നതെന്നും പ്രത്യേകിച്ചും ബ്രിട്ടീഷുകാരാണ് ഇയാളുടെ പിന്നിലെന്നും പറഞ്ഞാൽ ഞങ്ങൾ നിങ്ങളെ മോചിപ്പിക്കാമെന്നും ഇല്ലെങ്കിൽ തടവറയിൽ പോകാനും പിഴയൊടുക്കാനും തയ്യാറായിക്കൊള്ളുക എന്നുമാണ് ജഡ്ജി സാഹിബുമാരും സർക്കാരുദ്യോഗസ്ഥരും അവരോടു പറയുന്നത്. പിന്നീട് അക്രമപരമായ വിധി പുറപ്പെടുവിച്ച് അവർ പറഞ്ഞതിനെ നിഷേധിക്കുന്നവരേയും ഈമാനിൽ ഉറച്ചു നില്ക്കുന്നവരേയും ജയിലിൽ അടയ്ക്കുകയും വൻതുകകൾ പിഴ ചുമത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ പിഴയടയ്ക്കാൻ ഒരു പക്ഷേ, ആ സാധുക്കളുടെ പക്കൽ പണം ഉണ്ടായിരിക്കുകയില്ല. കാരണം അവരിൽ അധികവും ദരിദ്രരാണ്. ഇങ്ങനെയുള്ള ഈ നിരപരാധികളേയും മർദിതരേയും നമ്മൾ നമ്മുടെ ദുആകളിൽ ഓർക്കേണ്ടതാണ്. അല്ലാഹു അവരെ ഉറപ്പിച്ചുനിറുത്തുകയും ഈ അക്രമികളിൽനിന്ന് രക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

ഇപ്രകാരംതന്നെ പാക്കിസ്താനിലെ അഹ്മദികളേയും നിങ്ങളുടെ ദുആയിൽ ഓർക്കുക. അവിടേയും പഞ്ചാബിൽ പ്രത്യേകമായും ഗൂഢപദ്ധതി ആസൂത്രണം ചെയ്ത് അക്രമം ചെയ്തുവരികയാണ്. മുസ്ലിം രാജ്യങ്ങളുടെ ഉള്ളിലുള്ള അവസ്ഥയും ഒരു രാഷ്ട്രത്തിന് മറ്റൊരു രാഷ്ട്രത്തോടുള്ള ബന്ധങ്ങളുടെ അവസ്ഥയും ബുദ്ധിയുള്ള ആളെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻ മതിയായതാണ്, ചിന്തിക്കേണ്ടതുമാണ്. അതായത് ഈ അവസ്ഥകളിൽ അല്ലാഹു മുസ്ലിം സമുദായത്തിന്റെ പരിഷ്കരണത്തിനായി തന്റെ വാഗ്ദാനമനുസരിച്ച് ആരെയാണോ അയക്കേണ്ടിയിരുന്നത്, നബി(സ) തിരുമേനി തന്റെ ഏതൊരു സത്യസന്ധനായ ദാസനാണോ വരുമെന്ന് പ്രവചിച്ചിരുന്നത് അദ്ദേഹത്തെ അന്വേഷിക്കേണ്ടതാണ്. അല്ലാഹുവും നബി(സ)തിരുമേനിയും പറഞ്ഞിട്ടുള്ള മസീഹ് മൗഊദുമായി ബന്ധപ്പെട്ട അടയാളങ്ങൾ പൂർത്തിയായി കഴിയുകയും പൂർത്തിയായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും! മുസ്ലീംകളുടെ മഹത്ത്വത്തെ വീണ്ടും സ്ഥാപിക്കുന്നതിനുള്ള ഒരേയൊരു വഴി ഇതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

“തീർച്ചയായും ഓർമിച്ചുകൊള്ളുക. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണ്. അവൻ തന്റെ വാഗ്ദാനമനുസരിച്ച് ലോകത്ത് ഒരു താക്കീതുകാരനെ അയച്ചു. പക്ഷേ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ തീർച്ചയായും സ്വീകരിക്കുന്നതാണ്. ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യതയെ വെളിപ്പെടുത്തുന്നതുമാണ്.” പറയുന്നു:“ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, ‘അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഞാൻ മസീഹ് മൗഊദായിക്കൊണ്ടു വന്നിരിക്കുന്നു. വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്തുകൊള്ളുക. എന്നാൽ, നിങ്ങളുടെ നിഷേധംകൊണ്ട് ഒന്നും സംഭവിക്കാനില്ല. അല്ലാഹു തീരുമാനിച്ചിട്ടുള്ളത് അതുപോലെ നടക്കുകതന്നെ ചെയ്യും.”(മൽഫൂദാത്ത് വാള്യം 1 പേജ് 206 1985 ലണ്ടൻ പതിപ്പ്)

പിന്നീട് പറയുന്നു:“അല്ലാഹു എന്നെ മഅ്മൂറി(നിയമിക്കപ്പെട്ടവൻ)ന്റേയും വാഗ്ദത്ത മസീഹിന്റേയും നാമത്താൽ ലോകത്ത് അയച്ചിരിക്കുന്നുവെന്നത് വ്യക്തമായ കാര്യമാണ്. എന്നെ എതിർക്കുന്നവർ സത്യത്തിൽ എന്നെയല്ല എതിർക്കുന്നത്. മറിച്ച് അല്ലാഹുവിനെയാണ് എതിർക്കുന്നത്.’(മൽഫൂദാത്ത് വാള്യം 1 പേജ് 189–190 1985 ലണ്ടൻ പതിപ്പ്). അല്ലാഹുവിന്റെ ഇച്ഛയ്ക്ക് വിരുദ്ധം പ്രവർത്തിക്കുന്നവരിൽനിന്നാണ് ജമാഅത്തിന്നെതിരിൽ എതിർപുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരം ഇവർ അല്ലാഹുവിനെയാണ് എതിർക്കുന്നത്. ഈ എതിർപുകൾക്ക് മുമ്പൊന്നും തകർക്കാൻ കഴിഞ്ഞിട്ടില്ല, ഇനിയൊട്ടു ഇൻശാ അല്ലാഹ് തകർക്കാൻ സാധിക്കുകയുമില്ല. അല്ലഹുവിന്റെ സഹായം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൂടെ എപ്പോഴും ഉണ്ടായിട്ടുണ്ട്. ശത്രു എപ്പോഴും പരാജിതരും നഷ്ടപ്പെട്ടവരുമായിരുന്നതായിട്ടാണ് നമ്മൾ കണ്ടിട്ടുള്ളത്. ഭാവിയിലും അങ്ങനെതന്നെയായിരിക്കും ഉണ്ടാകുക. ഇവർ ഒരു സ്ഥലത്ത് എതിർക്കുമ്പോൾ അല്ലാഹു നൂറിടത്ത് തബ്ലീഗിനുള്ള മൈതാനം തുറന്നുതരുന്നു. അൽജീരിയായിലും അവർ അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ ശ്രമിച്ചു. പത്രങ്ങളും മറ്റുമാധ്യമങ്ങളും അത് ചർച്ച ചെയ്തു. ജമാഅത്തിന്നെതിരിലുള്ള

വാർത്തകൾ നല്കി. പ്രചരിപ്പിച്ചു. എന്നല്ല പത്രങ്ങളും തികഞ്ഞ എതിർപ്പിൽ തങ്ങളുടേതായ നിലയിൽ പങ്കുവഹിച്ചു. പക്ഷേ, ഇതേകാര്യം തന്നെ ജമാഅത്തിന്റെ പ്രബോധനത്തിനുള്ള മാർഗമായി ത്തീർന്നു.

അൽജീരിയായിലെ ജമാഅത്ത് അത്ര പഴയ ജമാഅത്തൊന്നുമല്ല. പക്ഷേ, അല്ലാഹു അവർക്ക് ഈ എതിർപ്പു മുഖേനതന്നെ അവരുടെ വിശ്വാസം പ്രബലപ്പെടുത്തികൊടുത്തുകൊണ്ടിരിക്കുന്നതോടൊപ്പം അവർക്ക് തബ്‌ലീഗ് ചെയ്യാനുള്ള വഴികളും തുറന്നുകൊണ്ടിരിക്കുന്നു. അവിടെത്തെ അഹ്മദി എഴുതുന്നു:'രാജ്യത്ത് എങ്ങനെ തബ്‌ലീഗു ചെയ്യുമെന്ന് വിചാരിച്ച് ഞങ്ങൾ വിഷമത്തിലായിരുന്നു. അപ്പോൾ അല്ലാഹു ഈ എതിർപ്പു മുഖേന സ്വയം തബ്‌ലീഗിനുള്ള ഏർപാടു ചെയ്തിരിക്കുന്നു.' ഇതാണ് അവരിലെ ആവേശവും വികാരവും. പറയുന്നു:'ചിലയാളുകൾ നെഗറ്റീവായിട്ടുള്ള ഫലമാണ് എടുത്തുകൊണ്ടിരിക്കുന്നത്. അവരിൽ കൂടുതലും നാമമാത്ര ഉലമായുടെ പിന്നാലെ നടക്കുന്നവരാണ്. എന്നാൽ, ജമാഅത്തിനേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തേയും പരിചയപ്പെടുന്ന ധാരളമാളുകളുമുണ്ട്. അവർ വലിയ സംഖ്യ തന്നെയുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ നടന്നുകൊണ്ടിരിക്കുന്നത് തെറ്റാണെന്ന് അവർ മനസ്സിലാക്കുകയും ചെയ്യുന്നു. തങ്ങളുടേതായ നിലയിൽ ഇതുസംബന്ധമായി വിവരങ്ങൾ എടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞത്, എതിരിൽ എഴുതപ്പെട്ടിട്ടുള്ള ലിറ്ററേച്ചറുകൾ ഞങ്ങൾക്കെതിരിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ ഞങ്ങളുടെ ഗ്രന്ഥങ്ങൾ വായിക്കാൻ ആളുകൾക്ക് പ്രചോദനം നല്കുമെന്നും ഈ ഭാഗത്തേക്ക് അവരുടെ ശ്രദ്ധ തിരിക്കുമെന്നുമാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 398 1985 ലണ്ടൻ പതിപ്പ്)

ഇപ്രകാരംതന്നെ താൻ വരേണ്ട കാലം ഇതുതന്നെയാണെന്നും അല്ലാഹുവിന്റെ വിധിയനുസരിച്ച് തന്നെയാണ് താൻ വന്നതെന്നും ഇസ്‌ലാമിന്റെ മുങ്ങാൻ പോകുന്ന വഞ്ചിയെ രക്ഷിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ തഖ്ദീർ അഥവാ വിധിയനുസരിച്ച് തന്നെയാണ് താൻ വന്നിട്ടുള്ളതെന്നും വിവരിച്ചുകൊണ്ടും അവിടന്ന് പറയുന്നു:'സത്യവാനായ നബിയുടേയും റസൂലിന്റേയും മുജദ്ദിദിന്റേയും വലിയ അടയാളം അവർ നേരത്ത് വരികയും ആവശ്യമുള്ളപ്പോൾ വരികയും ചെയ്യുക എന്നതാണ ണ്.' അന്യരെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു:'ആകാശത്ത് എന്തെങ്കിലും തയ്യാറെടുപ്പ് നടത്തേണ്ട സമയമല്ല ഇതെന്ന് ജനങ്ങൾ സത്യചെയ്ത് പറയട്ടെ.'(മൽഫൂദാത്ത് വാള്യം 1 പേജ് 397 1985 ലണ്ടൻ പതിപ്പ്)

പക്ഷേ, മുസ്‌ലീംകളുടെ അവസ്ഥകൾതന്നെ ഏതെങ്കിലും പരിഷ്ക്കർത്താവ് വരേണ്ടതാണെന്ന് വിളിച്ചോതുന്നുണ്ടെന്ന് അവർക്കുതന്നെ അറിയാം. മുസ്‌ലീംകളുടെ തന്നെ പ്രസ്താവനകൾ പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നു. തങ്ങളുടെ പ്രസംഗങ്ങളിലും ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നു. മുസ്‌ലിം സമുദായത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ആരെങ്കിലും വരേണ്ടതാണെന്ന് അവർ സാക്ഷ്യം പറയുന്നു. പക്ഷേ, അതിനോടൊപ്പം അവർ പറയുന്നത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയല്ലാതെ മറ്റാരെങ്കിലുമായിരിക്കണം വരേണ്ടതെന്നാണ്.

എന്തായാലും അല്ലാഹുവിൽനിന്നുള്ള ആളാണെന്ന് വാദിക്കുന്ന ആളെ വിശ്വസിക്കാൻ ഈ നാമമാത്ര ഉലമാ തയ്യാറല്ല. എന്നല്ല ഇവർ നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. ശത്രുതവച്ചു പുലർത്തിക്കൊണ്ടിരിക്കുകയാണ്. എല്ലായിടത്തും ഇതു ചെയ്തുകൊണ്ടുപോകുന്നു. ഞാൻ പറഞ്ഞതുപോലെ മുസ്‌ലിം രാഷ്ട്രങ്ങളിൽ പ്രത്യേകമായ നിലയിൽ ഇതു ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, ഇതിന്നെതിരിൽ അല്ലാഹു ലോകത്ത് തന്റെ സന്ദേശത്തെ എത്തിക്കാനും സ്വീകരിപ്പിക്കാനും ആഗ്രഹിക്കുന്നുവെന്നാണ് നമ്മൾ കാണുന്നത്. അവന്റെ വിധിയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ എതിർപ്പുണ്ടായിട്ടും ലക്ഷക്കണക്കിനാളുകൾ ഓരോ വർഷവും ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഇത് തെളിയിക്കുന്നത് അല്ലാഹുവിന്റെ പിന്തുണയും സഹായവും അഹ്മദിയ്യ ജമാഅത്തിനോടൊപ്പമുണ്ടെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദി(അ)നോടൊപ്പമുണ്ടെന്നാണ്. തങ്ങളെങ്ങനെയാണ് അഹ്മദിയായതെന്നുള്ള സംഭവങ്ങൾ എഴുതിയറിയിക്കുന്ന ധാരാളമാളുകളുണ്ട്. അവരുടെ സംഭവങ്ങൾ വായിക്കുമ്പോൾ എങ്ങനെയാണ് അല്ലാഹു സൽപ്രകൃതക്കാരായവർക്ക് സ്വീകരിക്കാനുള്ള ഏർപാടു ചെയ്യുന്നതെന്നോർത്ത് അത്ഭുതപ്പെട്ടുപോകുന്നു. ഇതുസംബന്ധമായി ചില സംഭവങ്ങൾ ഞാൻ സമർപ്പിക്കുകയാണ്.

ഇപ്പോൾ എതിർപ്പ് ശക്തി പ്രാപിച്ചിരിക്കുന്ന അൽജീരിയായിലെ സംഭവംതന്നെയാണ് ആദ്യം ഞാൻ പറയുന്നത്. ഒരാൾ എഴുതുന്നു: 'അഹ്മദിയ്യത്തിനെ പരിചയപ്പെടുന്നതിന് വളരെ മുമ്പേ ഞാൻ ഒരു രാത്രി സ്വപ്നം കണ്ടു. ഉയർന്ന മച്ചുള്ള വിശാലവും വിസ്തീർണവുമായ ഒരു ഹാളിൽ ഒരുപാട് ആളുകളോടൊപ്പം ഞാനും ലൈനിൽ നിൽക്കുകയാണ്. അതിന്റെ ഒരറ്റത്ത് രണ്ടാളുകൾ നിൽക്കുന്നുണ്ട്. ഞങ്ങളുടെ ലൈനിൽനിന്നുള്ള ഓരോരുത്തരും തങ്ങളുടെ ഊഴമനുസരിച്ച് ആ രണ്ടു വ്യക്തികളിൽ വലതുഭാഗത്ത് നിൽക്കുന്ന വ്യക്തിക്ക് അത്യുത്സാഹത്തോടെ ഹസ്തദാനം ചെയ്ത് ഹാളിന്റെ വാതിലിന്റെ ഭാഗത്തേക്ക് പോകുകയാണ്. ദീർഘമായ ഈ ലൈൻ ആ രണ്ടാളുകളിൽ ഒരാൾക്ക് കൈകൊടുക്കുന്നതിനുവേണ്ടി പ്രത്യേകം ഉണ്ടാക്കിയിട്ടുള്ള തുപോലെ തോന്നുന്നു. പറയുന്നു, 'ഞാൻ ദൂരെനിന്ന് ആ ദൃശ്യം കണ്ടുകൊണ്ട് ആളുകൾ രണ്ടുപേർക്കും കൈകൊടുക്കേണ്ടതിനു പകരം ഒരാൾക്കു മാത്രം ഇത്രമാത്രം ആവേശത്തോടെ കൈകൊടുക്കുന്നതെന്തിനാണെന്ന് ചോദിക്കുന്നു. രണ്ടുപേർക്കും എന്തുകൊണ്ട് കൈകൊടുക്കുന്നില്ല? അടുത്തെത്തിയപ്പോൾ അവരിലൊരാൾ വെള്ളത്താടിക്കാരനാണെന്ന് ഞാൻ കണ്ടു. അദ്ദേഹത്തിന്റെ വലതുഭാഗത്തു നില്ക്കുന്നയാൾ ഇടത്തരം പൊക്കവും ഗോദമ്പിന്റെ നിറവുമുള്ളയാളാണ്. അദ്ദേഹത്തിന്റെ തലയും താടിയും കറുത്തതാണ്. പറയുന്നു: എന്റെ ഊഴം വന്നപ്പോൾ ഞാൻ വെള്ളത്താടിയുള്ള വ്യക്തിയിലേക്ക് കൈനീട്ടി. അപ്പോൾ അദ്ദേഹം കറുത്ത താടിയും ഗോതമ്പിന്റെ നിറവുമുള്ള വ്യക്തിയ്ക്ക് സലാം പറയുക എന്ന രീതിയിൽ ചൂണ്ടിക്കാണിച്ചു. അപ്പോൾ ഞാൻ അത്യുത്സാഹത്തോടെ അദ്ദേഹത്തിന് കൈകൊടുത്തു. പറയുന്നു:അതിനോടൊപ്പം എന്റെ മനസ്സ് അദ്ദേഹത്തിനോടുള്ള സ്നേഹത്തിൽ മുങ്ങിപ്പോയി. അദ്ദേഹം എന്നെ കണ്ട് പുഞ്ചിരിച്ചു. അദ്ദേഹത്തിന്റെ പുഞ്ചിരിയിൽ ഒരു മാസ്മരിക ശക്തിയുണ്ടായിരുന്നു. അത് ഇന്നുവരെ മറക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീടു പറയുന്നു:അഹ്മദിയ്യത്തിനെ കുറിച്ച് അറിഞ്ഞപ്പോൾ ഞാൻ എം ടി എ കാണാൻ തുടങ്ങി. ആ ആരംഭ ദിനങ്ങളിൽ ഒരു ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ കാണിക്കപ്പെട്ടു. പിന്നീടു കുറച്ചു കഴിഞ്ഞപ്പോൾ എന്റെ ഫോട്ടോ(ഖലീഫത്തുൽമസീഹിന്റെ ഫോട്ടോ) മുമ്പിൽ വന്നു. പറയുന്നു: ഇരുവരേയും കണ്ടുകൊണ്ട് ഞാൻ കണ്ട എന്റെ സ്വപ്നം എനിക്ക് ഓർമ വന്നു. സ്വപ്നത്തിൽ കണ്ട വെള്ളത്താടിയുള്ളയാൾ ഞാനായിരുന്നു. (അതായത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്). എല്ലാവരും കൈകൊടുത്തുകൊണ്ടിരുന്ന കറുത്ത താടിയുള്ള വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)ആയിരുന്നു. അദ്ദേഹത്തിന് കൈകൊടുക്കാൻ ഞാനും(അതായത് ഖലീഫത്തുൽ മസീഹ് അൽഖാമിസും) ആംഗ്യം കാണിച്ചുകൊണ്ടിരുന്നു. പറയുന്നു: അതിനുശേഷം അഹ്മദികളുമായി ഇന്റർ നെറ്റിലൂടെ ബന്ധപ്പെട്ടു. വിവിധ ചോദ്യങ്ങൾ ചോദിച്ചു. അതിനു മറുപടി കിട്ടിയതിനുശേഷം ബയ്അത്ത് ചെയ്തു.

പിന്നീടു ഒരു സാഹിബ് പറഞ്ഞ സംഭവത്തിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹു അദ്ദേഹത്തെ വളഞ്ഞുപിടിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ ചേർക്കാൻ ആഗ്രഹിച്ചിരുന്നുവെന്നാണ്. അദ്ദേഹത്തിന്റെ എന്തോ കാര്യം അല്ലാഹുവിന് ഇഷ്ടപ്പെട്ടു. ഇദ്ദേഹം ഈജിപ്റ്റുകാരനാണ്. അബ്ദുൽ ഹാദീ എന്നാണ് ഇദ്ദേഹത്തിന്റെ പേര്. ഇദ്ദേഹം പറയുന്നു:'അഹ്മദിയ്യത്തിനെ കുറിച്ച് അറിഞ്ഞത് എം ടി എ അൽഅറബിയ മുഖേനയാണ്. ആ പരിപാടി വളരെ നല്ലതായിരുന്നു. പക്ഷേ, പറയുന്നു: അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകരുടെ നുബുവ്വത്തും വഹ്‌യുണ്ടാകുന്ന ആളെന്ന നിലയും ഇൽഹാമുണ്ടാകുന്നതും മനസ്സിലായില്ല. പറയുന്നു: ഞാൻ ആവർത്തിച്ചാവർത്തിച്ച് അൽഹവാറുൽ മുബാശിർ പരിപാടിയിൽ ഫോൺ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, എല്ലാ പ്രാവശ്യവും പരാജയത്തിന്റെ മുഖമാണ് കാണേണ്ടിവന്നത്. ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. ഒരു ചോദ്യത്തിന് മറുപടി കിട്ടുക എന്നതായിരുന്നു ഉദ്ദേശ്യം. ജമാഅത്തിന്റെ സ്ഥാപകൻ മറ്റു നബിമാരെ പോലെ പാപമുക്തനാണോ? അദ്ദേഹം വഹ്‌യും ഇൽഹാമും ഉണ്ടാകുന്ന വ്യക്തിയാണോ എന്നതായിരുന്നു ചോദ്യം. പറയുന്നു: ഇതിനുള്ള മറുപടി എനിക്ക് അതേ എന്ന് ലഭിക്കുമായിരുന്നെങ്കിൽ ഞാൻ അതേ ദിവസം എന്റെ ലിസ്റ്റിൽനിന്ന് ആ ചാനൽ മുറിച്ചു കളയുമായിരുന്നു. കാരണം ആ നേരത്ത് എന്റെ വിശ്വാസം നബി(സ)തിരുമേനിക്കുശേഷം വഹ്‌യ് നിലച്ചുപോയിരിക്കുന്നുവെന്നും അതു വാദിക്കുന്ന വ്യക്തി വ്യജനാണെന്നുമുള്ളതായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ പ്രത്യേക ശക്തി പ്രഭാവത്താൽ എന്താണ് ഉണ്ടായതെന്നുവച്ചാൽ ആ പ്രോഗ്രാമിലേക്ക് കാൾ ചെയ്യുന്നതിൽ ഒരിക്കലും ഞാൻ വിജയിച്ചില്ല. അതിന്റെ ഫലമായി ഞാൻ എം ടി എ കണ്ടുകൊണ്ടേയിരുന്നു. പതുക്കെ പതുക്കെ മറ്റുള്ള എല്ലാ കാര്യങ്ങൾക്കുമൊപ്പം ഖത്മുന്നുബുവ്വത്തിന്റെ വിഷയവും എനിക്കു മനസ്സിലായി. എത്രത്തോളമെന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എന്റെ മുമ്പിൽ കാലത്തിന്റെ ഇമാമായ മസീഹ് മൗഊദിനും ഇമാം മഹ്ദിക്കും ബയ്അത്തുചെയ്യുന്നതിനു പുറമെ ഒരു വഴിയും ഉണ്ടായില്ല. അങ്ങനെ ഞാൻ ബയ്അത്ത് ഫോറം പൂരിപ്പിച്ച് അയച്ചു. ബയ്അത്തിനു ശേഷം ഇക്കാര്യം മറ്റുള്ളവർക്കും എത്തണമെന്ന് ഞാൻ ആഗ്രഹിച്ചു. ഞാൻ എന്റെ ഏറ്റവും അടുത്ത സുഹൃത്തിനെ അതിനായി തിരഞ്ഞെടുത്തു. അദ്ദേഹത്തെ കുറിച്ച് അദ്ദേഹം ഞാൻ പറയുന്നത് കേൾക്കുമെന്നുള്ള ശുഭാപ്തി വിശ്വാസം എനിക്കുണ്ടായി. ഞാൻ അദ്ദേഹത്തിന് അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിച്ചു. അപ്പോൾ അദ്ദേഹം എന്റെ പ്രതീക്ഷയ്ക്കു വിരുദ്ധമായി പെട്ടെന്ന് കോപാകുലനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത പറയാൻ തുടങ്ങി. നിർബന്ധിതനായി ഞാൻ അദ്ദേഹത്തെ വിട്ട് അങ്ങേയറ്റം ദുഃഖഹൃദയവുമായി, അസ്വസ്ഥമായ ആത്മാവോടുകൂടി വീട്ടിൽ മടങ്ങിയെത്തി. എന്റെ ശീലമനുസരിച്ച് ടി.വി ഓൺചെയ്തപ്പോൾ ആ നേരത്ത് എം ടി എയിൽ സൂറ ആലുഇംറാനിലെ ഈ ആയത്ത് പാരായണം ചെയ്യുകയായിരുന്നു. *ഫഇൻ കദ്ദബൂക്ക ഫഖദ് കുദ്ദിബ റുസുലുൻ മിൻ ഖബ്‌ലിക്ക ജാഊ ബിൽബയ്യിനാത്തി വ സ്സുബുരി വൽകിതാബിൽ മുനീർ* അവർ നിന്നെ കളവാക്കിയെങ്കിൽ നിനക്കു മുമ്പേയുള്ള റസൂൽമാരും കളവാക്കപ്പെട്ടിരുന്നു. അവർ വ്യക്തമായ അടയാളങ്ങളും ദൈവിക ഏടുകളും തിളക്കമാർന്ന ഗ്രന്ഥങ്ങളും കൊണ്ടു വന്നിരുന്നു. പറയുന്നു: ഈ ആയത്ത് എന്റെ ഹൃദയാവസ്ഥക്ക് സ്വലാത്തും സലാമും ആയിത്തീർന്നു. ഇതു യാദൃച്ഛികമല്ലെന്നും മറിച്ച് അല്ലാഹുവിൽനിന്ന് എനിക്കുള്ള സന്ദേശമാണന്നും റസൂൽമാരെ നിഷേധിക്കലും അവരെ പരിഹസിക്കലും കാലങ്ങളായി നടന്നു വരുന്നതാണെന്നുമുള്ള ദൃഢവിശ്വാസം എനിക്കുണ്ടായി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദിനോടു ഈ രീതിയിൽ ഇക്കൂട്ടർ പെരുമാറുന്നെങ്കിൽ ഇതൊരു പുതിയ കാര്യമല്ല. പക്ഷേ, പ്രവാചകന്മാരുടെ ഈ അവസ്ഥ ഉണ്ടായിട്ടും അല്ലാഹുവിന്റെ സഹായം കൊണ്ട് അവർ ജയിക്കുന്നത് അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള മഹത്തായ തെളിവാണ്. അല്ലാഹു നിയോഗിക്കുന്ന ആളുകളുടെ സത്യസാക്ഷ്യത്തിനുള്ള വ്യക്തമായ തെളിവാണ്. പറയുന്നു: ഇത് ചിന്തിച്ച് എന്റെ ആദ്യത്തെ അവസ്ഥ മാറിപ്പോയി. അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിന് നന്ദിയുടെ വികാരങ്ങൾ ഉണ്ടായി. അവൻ തന്റെ കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്യാൻ തൗഫീഖ് നല്കുകയും നിഷേധികളിൽപെടുത്താതിരിക്കുകയും ചെയ്തു.

നോക്കുക, ഒരു സൽപ്രകൃതക്കാരനെ അല്ലാഹു രക്ഷിച്ചു. പക്ഷേ, മറ്റുള്ളവരുടെ അവസ്ഥ ഇതായിരുന്നോ എന്നറിയില്ല. അവരുടെമേൽ അല്ലാഹുവിന്റെ കൃപ ഉണ്ടായില്ല. സ്വാധീനമുണ്ടായില്ല എന്നു

മാത്രമല്ല പ്രത്യുത നിർഭാഗ്യത കാരണത്താൽ മര്യാദയില്ലാത്തവരുമായി. ആരാണോ ബയ്അത്ത് ചെയ്തത് അവരുടെ സംതൃപ്തിക്കായി അല്ലാഹു ക്ഷണത്തിൽ സാധനസാമഗ്രികളും ഉണ്ടാക്കി. സംതൃപ്തിക്കുവേണ്ടി മാത്രമല്ല മറിച്ച് അവർക്കു ണ്ടായ വിഷമം അകറ്റികൊടുക്കുകയും ചെയ്തു.

പിന്നീടുള്ളത് ഒരു സ്ത്രീയുടെ സംഭവമാണ്. അവർക്ക് അവരുടെ സൽപ്രകൃതം കാരണത്താൽ അല്ലാഹു ബയ്അത്തു ചെയ്യാൻ തൗഫീഖ് നല്കി. ഇവർ ആഫ്രിക്കയിൽ വസിക്കുന്ന സ്ത്രീയാണ്. ഗനിയിലെ ഒരു വലിയ പട്ടണമായ ബോക്ക(ആീസല) യുടെ അടുത്തുള്ള ഗ്രാമത്തിലാണ് ഇവർ താമസിക്കുന്നത്. അവരുടെ പേര് ഒമഷമ ആശല എമറശഴമ എന്നാണ്. അവർ പറയുന്നു: ഒരു ദിവസം അവരുടെ അടുത്ത് അഹ്മദിയ്യ ജമാഅത്തിന്റെ ഒരു മുഅല്ലിം വന്നു. ജമാഅത്തിനെ കുറിച്ച് തബ്‌ലീഗ് ചെയ്തു. ജൽസസാലാനയിൽ(വാർഷിക സമ്മേളനത്തിൽ) പങ്കെടുക്കാൻ ക്ഷണിക്കുകയും ചെയ്തു. അവർ പറയുന്നു: ബാഹ്യത്തിൽനോക്കുമ്പോൾ സന്ദേശം വളരെ നല്ലതായിരുന്നു. ആദ്യം ഞാൻ ജൽസസാലാനയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പു നടത്തി. വണ്ടിയിൽ പെട്രോൾ തുടങ്ങിയവയും നിറച്ചു. (നല്ലവണ്ണം തിന്നുകയും കുടിക്കുകയും ചെയ്യുന്ന സ്ത്രീയാണ്. പക്ഷേ താമസിക്കുന്നത് ഗ്രാമത്തിലാണ്.) എന്നാൽ, ഇസ്‌ലാമിക സംഘടനകളും ഭീകരപ്രവർത്തന സംഭവങ്ങളും കാരണത്താൽ ഈ ജമാഅത്തും അത്തരത്തിലുള്ളതായിരിക്കുമോ എന്നു ഞാൻ ചിന്തിച്ചു. അതുകൊണ്ട് ജൽസസാലാനയിൽ പോകാമെന്നുള്ള ചിന്ത ഉപേക്ഷിച്ചു. പക്ഷേ, 'അല്ലാഹുവേ! ഇക്കൂട്ടർ സത്യവാന്മാരാണെങ്കിൽ ഇവർ വീണ്ടും ഞങ്ങളുടെ ഗ്രാമത്തിൽ തബ്‌ലീഗിനായി വരണേ' എന്ന് ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹു എങ്ങനെയാണ് ചെയ്തതെന്നാൽ, കുറച്ചു കാലത്തിനുശേഷം നമ്മുടെ ഒരു പ്രബോധനസംഘം പരിപാടികളൊന്നും കൂടാതെ അവരുടെ ഗ്രാമത്തിൽ പോയി. ഞങ്ങളെ കണ്ടപ്പോൾ സന്തോഷംകൊണ്ട് അവരുടെ കണ്ണുകൾ നിറഞ്ഞു. അവർ പറഞ്ഞു: അല്ലാഹു എന്റെ ദുആ സ്വീകരിച്ചു. അങ്ങനെ കുടുംബം മുഴുവൻ ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ചിലയാളുകളുടെമേൽ അല്ലാഹു ദയ കാണിക്കുന്നു. അപ്പോൾ അവർക്ക് ധനപരമായ നേട്ടം മുഖേനയും ഈമാനിൽ അഭിവൃദ്ധിയും തന്റെ വരിഷ്ഠദാസനെ സ്വീകരിക്കാനുള്ള തൗഫീഖും പ്രദാനം ചെയ്യുന്നു. പക്ഷേ, ഇത് നിബന്ധനയൊന്നുമല്ല. തനിക്ക് ഇന്ന നേട്ടമുണ്ടായാൽ, തന്റെ ഇന്ന ജോലി നടന്നാൽ താൻ അഹ്മദിയ്യത്ത് സ്വീകരിക്കുമെന്ന് ചിലർ പറയുന്നതായി ചിലയാളുകൾ എഴുതാറുണ്ട്. അഹ്മദിയ്യത്ത് സ്വീകരണം അല്ലാഹുവിനോടുള്ള ഔദാര്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു കാണിക്കുന്ന ഔദാര്യവുമല്ല. സ്വന്തം ദുൻയാവും ആഖിറവും സുവർണമാക്കലാണ്. അതുകൊണ്ട് അല്ലാഹുവിന്റെ സന്ദേശം കേൾക്കുകയും മനസ്സിലാക്കുകയും അതു സ്വീകരിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. എന്തായാലും ഒരു സംഭവമാണ്. അല്ലാഹു ചിലപ്പോൾ ആരുടെയെങ്കിലുംമേൽ കൃപ ചൊരിയാൻ ആഗ്രഹിച്ചാൽ ഈ നിബന്ധന സ്വീകരിക്കുകയും ചെയ്യുന്നു, അത് പ്രകടിപ്പിച്ചുകൊണ്ട് അവനെ കാണിക്കുകയും ചെയ്യുന്നു.

ഗാംബിയായിലെ അമീർ സാഹിബ് പറയുന്നു:നയാബീനി ജില്ലയിലെ ഒരു ഗ്രാമത്തിൽ സുന്ദു (Sun-tu)എന്നൊരു സ്ത്രീ ജമാഅത്തിന്റെ കഠിന വിരോധിയായിരുന്നു. അവരോടു ജമാഅത്തിനെക്കുറിച്ച് പറയുമ്പോൾ കഠിനമായി കോപിക്കുമായിരുന്നു. ജമാഅത്തിന്നെതിരിൽ കഠിനമായ വാക്കുകൾ ഉപയോഗിക്കുമായിരുന്നു. അഹ്മദികൾ കാഫിറാണെന്ന് പറയുമായിരുന്നു. അഹ്മദി സ്വയം നരകത്തിൽ പോകുമെന്ന് മാത്രമല്ല അവരുമായി ബന്ധം വെക്കുന്നവരും നരകത്തിൽ പോകുന്നതാണെന്ന് പ്രചരിപ്പിക്കുമായിരുന്നു. അവർ കർഷകയായിരുന്നു. പക്ഷേ, കഴിഞ്ഞ രണ്ടുവർഷമായി അവരുടെ കൃഷി വളരെ മോശമായിരുന്നു. ചിലപ്പോൾ കീടശല്യമുണ്ടാകും. ചിലപ്പോൾ മറ്റു മൃഗങ്ങൾ വന്ന് കൃഷി നശിപ്പിക്കും. പക്ഷേ, ഇതിന് കാരണമെന്താണെന്ന് അവർക്ക് മനസ്സിലായിരുന്നില്ല. പറയുന്നു: നമ്മുടെ ഒരു അഹ്മദി സഹോദരി അവരോടു പറഞ്ഞു,'നിങ്ങൾ ജമാഅത്തിനെ എതിർക്കാൻ തുടങ്ങിയതുമുതൽ നിങ്ങളുടെ കൃഷി മോശമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ ജമാഅത്തിനോടുള്ള എതിർപ്പ് ഉപേക്ഷിച്ച് ജമാഅത്തിൽ ചേരുക. എന്നാൽ, അല്ലാഹു കൃപ ചൊരിയുന്നതാണ്. അങ്ങനെ അവർക്ക് ആ സമയംതന്നെ സംഗതി മനസ്സിലായി. ശരി! പരീക്ഷിച്ചു നോക്കാമെന്ന് അവർ പറഞ്ഞു. അവർ തന്റെ കുടുംബത്തിലെ എട്ട് അംഗങ്ങളോടൊപ്പം ജമാഅത്തിൽ ചേർന്നു. ജമാഅത്തിൽ ചേർന്നതിനുശേഷം അല്ലാഹു അവരിൽ ഒരുപാട് കൃപ ചെയ്തതാണ് അവർ കണ്ടത്. അവരുടെ കൃഷി പൂർണമായും നന്നായി എന്നു മാത്രമല്ല, കഴിഞ്ഞ കുറെ വർഷമായി ഒരു വിവരവുമില്ലാതിരുന്ന അവരുടെ മകൻ അവരുമായി ബന്ധപ്പെടുകയും ചെയ്തു. അവൻ ഇറ്റലിയിൽ ഉണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുക, അതിലാണ് മോക്ഷം എന്ന് ഇപ്പോൾ ഈ സ്ത്രീ എല്ലാവരോടും പറയുന്നു.

ബെനിനിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു:ഈ വർഷം മഴമാസങ്ങളിൽ ബാസീല പട്ടണത്തിൽ ശക്തമായ വെള്ളപ്പൊക്കമാണുണ്ടായത്. ഇക്കാരണത്താൽ മിഷൻ ഹൗസിന്റെ ഒരു ഭിത്തി മറിഞ്ഞുവീണു. രാത്രിയിലും തോരാമഴ പെയ്തുകൊണ്ടിരുന്നു. രണ്ടാമത്തെ ഭിത്തിയും വീഴുമോ എന്ന ശങ്കയുണ്ടായി. മിഷൻ ഹൗസിന് നഷ്ടം സംഭവിച്ചുകൊണ്ടിരുന്നു. വളരെ വിഷമത്തിലായിരുന്ന ഞാൻ ദുആ ചെയ്തു. ഞാൻ വിചാരിച്ചു.(ഈ വിചാരവും നമ്മുടെ മുബല്ലിഗുമാർക്കെ ഉണ്ടാകുകയുള്ളു). അല്ലാഹുവേ! ഈ നഷ്ടം നീ ബയ്അത്തു മുഖേന പൂർത്തിയാക്കിയാലും. ജമാഅത്തിന്റെ അഭിവൃദ്ധിയിൽ അനുഗ്രഹം ചൊരിഞ്ഞാലും.' പറയുന്നു:'ഞാൻ ദുആ അവസാനിപ്പിക്കുന്നതിനുമുമ്പേ ഫോൺ ബെല്ലടിച്ചു. സമയം രാത്രി 12 മണിയായിരുന്നു. മഴയും ശക്തമായ മിന്നലും ഇടിയുമുണ്ടായിരുന്നു. ഞാൻ ഫോണെടുത്തപ്പോൾ മുഹമ്മദു എന്നുപേരുള്ള ഒരാൾ ഗുച്ച (Gucha)എന്നുപേരുള്ള ഒരു ഗ്രാമത്തിൽനിന്നാണ് വിളിക്കുന്നതെന്നും ഗ്രാമവാസികൾ ബയ്അത്തുചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും അറിയിക്കുകയായിരുന്നു. ഈ ഗ്രാമം മിഷൻ ഹൗസിൽനിന്ന് 110 മൈൽ ദൂരെയായിരുന്നു. മുബല്ലിഗ് പറയുന്നു:കുറച്ചു ദിവസത്തിനുശേഷം ഞാൻ അവരുടെ അടുത്തുപോയി. അവിടെ 198 ആളുകൾ ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേർന്നു. അവിടെ ശക്തമായ എതിർപ്പുമുണ്ട്. പക്ഷേ, എല്ലാതരത്തിലുള്ള എതിർപുകളുമുണ്ടെങ്കിലും അവർ തങ്ങളുടെ ഈമാനിൽ ഉറച്ചു നില്ക്കുന്നു.

ജർമനിയിൽനിന്ന് മുബല്ലിഗ് എഴുതുന്നു: അദ്ദേഹത്തിന് ഒരു സിറിയൻ കുടുംബവുമായി ഏകദേശം ഒരു വർഷമായി ബന്ധമുണ്ട്. അവർ കഴിഞ്ഞ വർഷം ജർമനി ജൽസയിലും പങ്കെടുത്തിരുന്നു. ജൽസയുടെ അന്തരീക്ഷം കണ്ട് വളരെ ആകർഷിതരായി. പക്ഷേ, അവർ ബയ്അത്ത് ചെയ്തിരുന്നില്ല. ആ സിറിയൻ കുടുംബംതന്നെ പറയുന്നു:'ഞങ്ങൾ ഇറ്റലി വഴിയാണ് ജർമനിയിൽ വന്നത്. അതുകൊണ്ട് ഞങ്ങളുടെ വക്കീൽ പറഞ്ഞിരുന്നത് നിങ്ങളുടെ കേസ് ദുർബലമാണ്, അതുകൊണ്ട് ഇറ്റലിയിലേക്ക് മടക്കി അയക്കാൻ സാധ്യതയുണ്ടെന്നാണ്. അവർ പറയുന്നു:'ജൽസയ്ക്കുശേഷം കോർട്ടിൽനിന്നോ സർക്കാരിൽനിന്നോ മടങ്ങിപ്പോകുക എന്നു പറഞ്ഞുകൊണ്ടുള്ള കത്തുവരുമെന്ന പ്രതീക്ഷയിലായിരുന്നു ഞങ്ങൾ. പക്ഷേ, ഞങ്ങൾ വീട്ടിലെത്തിയപ്പോൾ കത്തു വന്നു കഴിഞ്ഞിരുന്നു. ഞങ്ങൾ ഇറ്റലി വഴിയാണ് ജർമനിയിലെത്തിയതെന്ന് അവർക്ക് അറിയാമായിരുന്നിട്ടും നിങ്ങൾ സിറിയൻകാരാണ് അതുകൊണ്ട് നിങ്ങളെ ജർമനിയിൽനിന്ന് മറ്റെവിടെയെങ്കിലും അയക്കേണ്ട ആവശ്യമില്ലെന്ന ജഡ്ജിയുടെ റിമാർക്സും ആ കത്തിലുണ്ടായിരുന്നു. അദ്ദേഹം പറയുന്നു, എന്നെ സംബന്ധിച്ചിടത്തോളം ഇക്കാര്യം ഒരു ദിവ്യാത്ഭുതമായിരുന്നു. ഉടനെ മനസ്സിൽ തോന്നിച്ചത് ഇത് ജൽസയിൽ പങ്കെടുത്തതിന്റെ അനുഗ്രഹമാണെന്നായിരുന്നു. ജൽസയിൽ പങ്കെടുത്തതിന് അല്ലാഹു നമുക്ക് ഈ ദിവ്യാത്ഭുതം കാണിച്ചിരിക്കുന്നുവെന്ന് ഞാൻ എന്റെ ഭാര്യയോടു പറഞ്ഞു. അതിനുശേഷം ജമാഅത്തു കാരണത്താലാണ് ഇതുണ്ടായതെന്ന് അദ്ദേഹത്തിന് മനസ്സിലായി. അങ്ങനെ അദ്ദേഹം ഉടനെ ബയ്അത്തുചെയ്യാൻ തീരുമാനിച്ചു. ജമാഅത്തിൽ ചേരുകയും ചെയ്തു.

ഹിദായത്ത് നല്കുന്നതിനുള്ള അല്ലാഹുവിന്റെ രീതിയും അത്ഭുതാവഹമാണ്. ഇത്തരത്തിലുള്ള ഒരുപാട് സംഭവങ്ങളുണ്ട് അത് ഞാൻ പറയുകയും ചെയ്തിട്ടുണ്ട്. ആഫ്രിക്കയിൽ തബ്‌ലീഗ് ചെയ്യുക എന്നത് അത്ര എളുപ്പമല്ല. പ്രയസകരവുമാണ്. പക്ഷേ, നിരക്ഷരരാണ്, ദരിദ്രരാണ്, അതുകൊണ്ട് എളുപ്പത്തിൽ അഹ്മദിയ്യത്ത് സ്വീകരിക്കുന്നുവെന്നാണ് ചിലയാളുകൾ ധരിക്കുന്നത്. എന്നാൽ, ഇത് തികച്ചും തെറ്റായകാര്യമാണ്. ആ നിരക്ഷരരേയും അവരുടെ നാമമാത്ര ഉലമാ തങ്ങളുടെ ഭക്ഷണവും വ്യക്തിത്വവും സ്ഥാപിക്കുന്നതിനുവേണ്ടി അത്ഭുതകരമായ ആചാരങ്ങളിലും അനാചാരങ്ങളിലും അകപ്പെടുത്തി വെച്ചിരിക്കുകയാണ്. ആ ഉലമായുടെ പിന്നാലെ നടക്കുന്നവർ അവരിൽനിന്ന് വേർപെടാനും ആഗ്രഹിക്കുന്നില്ല. അവർ കാരണത്താൽ ജമാഅത്തിന് എതിർപ്പും ഉണ്ടാകുന്നു. മുമ്പേയും ഞാൻ ഒന്നു രണ്ടു സംഭവങ്ങൾ പറഞ്ഞതുപോലെ ആഫ്രിക്കയിൽ എതിർക്കുന്ന ആളുകളുമുണ്ട്. എന്തായലും അവിടേയും അഹ്മദിയ്യത്ത് സ്വീകരിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പക്ഷേ, അല്ലാഹു എങ്കിലും ജനങ്ങളുടെ മാർഗദർശനത്തിനായി സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുന്നു. എങ്ങനെയാണ് തബ്‌ലീഗ് ചെയ്യേണ്ടത് എന്നതിനെ കുറിച്ച് നമ്മുടെ മുബല്ലിഗുമാർക്കും മുഅല്ലിമുമാർക്കും മാർഗദർശനം നല്കുന്നു.

ഐവറികോസ്റ്റിലെ മുബല്ലിഗ് ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുന്നു:സാൻപേദ്റോ(San Pedro) റീജ്യണിലെ ലോക്കൽ മുഅല്ലിം ഒരു ഗ്രാമത്തിൽ തബ്‌ലീഗിന്പോയി. ഇതിന്റെ ഫലമായി ആ ഗ്രാമത്തിലെ ഇമാം ഉൾപ്പെടെ 15 ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. അതിനുശേഷം അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളെ അടുത്തുനിന്ന് വീക്ഷിക്കുന്നതിനുവേണ്ടി ഇമാം ഐവറികോസ്റ്റ് നാഷണൽ ജൽസ സാലാനയിൽ പങ്കെടുത്തു. ജൽസ കണ്ട് അദ്ദേഹം വളരെ സന്തോഷിച്ചു. മസ്ജിദിനുവേണ്ടി തന്റെ ഒരു പ്ലോട്ടും നൽകി. പക്ഷേ, ഇവരെല്ലാവരും നഗരത്തിലെ വലിയൊരു ഇമാമിന്റെ കീഴിലായിരുന്നു ഉണ്ടായിരുന്നത്. അവിടെ ഇമാമുണ്ടായിരുന്നിട്ടും ഗ്രാമത്തിൽ മുമ്പേ ജുമുഅ നമസ്കാരം ഉണ്ടായിരുന്നില്ല. അതിനു കാരണം പറഞ്ഞത്. നഗരത്തിലെ വലിയ ഇമാമിനെ ക്ഷണിച്ച് പശുവിനേയോ, ആടിനേയോ അറുത്ത് സൽക്കാരം നടത്തിയതിനുശേഷമേ ജുമുഅ തുടങ്ങാൻ പാടുള്ളു എന്നായിരുന്നു. ഇല്ലെങ്കിൽ ജുമുഅ സാധുവാകുകയില്ലത്രെ! അതുകൊണ്ട് അവിടെ ജുമുഅ നമസ്കരിക്കാൻ അനുവാദമില്ല. ഇങ്ങനെയുള്ള അത്ഭുതകരമായ അനാചാരങ്ങളാണ് അവർ അവിടെ നടപ്പിൽ വരുത്തിയിരുന്നത്. വലിയ മൗലവിക്ക് ഒഴിവുണ്ടാകുമ്പോൾ വിവിധ സ്ഥലങ്ങളിലുള്ള സൽക്കാരം സ്വീകരിച്ചതിനുശേഷം, ഊഴം വരുന്നതനുസരിച്ച് ഏതെങ്കിലും ഗ്രാമത്തിൽപോയി ജുമുഅ നമസ്കരിപ്പിക്കും. ഇക്കാരണത്താൽ ഒരു സത്യവിശ്വാസിക്ക് അടിസ്ഥാനപരമായി നിർബന്ധമായ ജുമുഅ നമസ്കാരം അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. മൂന്ന് ജുമുഅ ആരാണോ തുടർച്ചയായി ഉപേക്ഷിക്കുന്നത് അവന്റെ ഹൃദയത്തിൽ തുരുമ്പ് പിടിക്കുമെന്ന് ഹദീഥിൽ വന്നിരിക്കുന്നു.(സുനൻ ഇബ്നുമാജ. കിതാബ് ഇഖാമത്തിസ്സലാത്ത്.ഹദിഥ് നമ്പർ 1125) എന്തായാലും ഇത് മൗലവിമാരുടെ സ്വന്തം ശരീഅത്തായിരുന്നു. ജുമുഅ നമസ്കാരത്തിൽ ഇതിന്റെ ഒന്നും ആവശ്യമില്ലെന്ന് ഈ ചെറിയ മൗലവിയോടു പറഞ്ഞപ്പോൾ അയാൾ തിരിച്ചുപോയി ഗ്രാമവാസികൾക്ക് പറഞ്ഞുമനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചു. നമുക്ക് ജുമുഅ നമസ്കരിക്കാൻ കഴിയുമെന്നും അതിൽ തടസ്സമൊന്നുമില്ലെന്നും വലിയ മൗലവിയെ വിളിക്കേണ്ട ആവശ്യമില്ലെന്നും അല്ലാതെതന്നെ ജുമുഅ നമസ്കാരം സാധുവാകുവെന്നും അവരോടു പറഞ്ഞപ്പോൾ ഗ്രാമത്തിലെ മറ്റാളുകൾ – അവർ അഹ്മദിയായിരുന്നില്ല– വലിയ ഇമാമിനോടു എതിർപ്പ് പ്രകടിപ്പിച്ചു. ഇമാമിനെ തങ്ങളുടെ മസ്ജിദിൽ ജുമുഅ നമസ്കരിപ്പിക്കാൻ സമ്മതിച്ചില്ല. തുടർന്ന് ചെറിയ ഇമാം ഒരു താൽക്കാലിക

മായ മിമ്പറുണ്ടാക്കി കുറച്ച് അഹ്മദികളോടൊപ്പം ചേർന്ന് ജുമുഅ നമസ്കരിപ്പിച്ചു. അതുകഴിഞ്ഞപ്പോൾ ആ ഉപദ്രവകാരികൾ ആ മിമ്പർ തകർത്തുകളഞ്ഞു. അതു മറിച്ചിട്ടു. പിന്നീട് ഇദ്ദേഹം പറയുന്നു: പിന്നീടു ഞാൻ ലോക്കൽ മുഅല്ലിമിനേയും കുറച്ചു അഹ്മദി സഹോദരങ്ങളേയുകൂട്ടി ഗ്രാമത്തലവന്റെ അടുക്കൽപോയി കാര്യങ്ങളെല്ലാം വിവരിച്ചു. 'പള്ളിക്കാർ നിങ്ങളെ മസ്ജിദിൽ നമസ്കരിക്കാൻ സമ്മതിക്കുന്നില്ലെങ്കിൽ നിങ്ങൾ മറ്റേതെങ്കിലും സ്ഥലങ്ങളിൽ നമസ്കരിക്കാൻ ചീഫ് വിധിച്ചു. രണ്ടു സ്ഥലത്ത് നമസ്കാരമുണ്ടാകുമ്പോൾ ആളുകൾ ഏതു മസ്ജിദിൽ പോയി നമസ്കരിക്കണമെന്ന് സ്വയം തീരുമാനിക്കുന്നതായിരിക്കും എന്നും പറഞ്ഞു. എന്തായാലും പറയുന്നു: അല്ലാഹുവിന്റെ കൃപയാൽ ആ ഗ്രമത്തിൽ അഹ്മദിയ്യത്ത് നിമിത്തം കൃത്യമായി ജുമുഅ നമസ്കാരം തുടങ്ങിയിരിക്കുന്നു. എതിർപ്പുണ്ടായിട്ടും ജമാഅത്തംഗങ്ങൾ ദൃഢപാദരായി തങ്ങളുടെ ഈമാനിൽ നിലകൊള്ളുന്നു. ജുമുആയും നമസ്കരിക്കുന്നു.

സ്വപ്നങ്ങൾ മുഖേന ധാരാളമാളുകൾക്ക് അല്ലാഹു മാർഗദർശനം നല്കുന്നു. ലോകത്ത് എല്ലായിടത്തും ഇപ്രകാരം മാർദർശനമുണ്ടാകുന്നു. ഇന്ത്യയിലെ കേരള സംസ്ഥാനത്തിലെ കണ്ണൂരിലെ മുബല്ലിഗ് ഇൻചാർജ് ഒരു പുതുഅഹ്മദിയുടെ അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം എഴുതുന്നു: ബയ്അത്തിനുമുമ്പേ ആ പുതിയതായി ബയ്അത്ത് ചെയ്തയാൾ നല്ലവിഷമത്തിലായിരുന്നു. അപ്പോൾ ആരോ അദ്ദേഹത്തോടുപറഞ്ഞു, നിങ്ങളുടെ പ്രയാസങ്ങൾക്കുള്ള പരിഹാരം അധികമായി സ്വലാത്ത് ചൊല്ലുക എന്നതാണ്. നിങ്ങൾ വളരെയധികം സ്വലാത്തുചൊല്ലിക്കൊണ്ടിരിക്കുക. അങ്ങനെ അദ്ദേഹം സ്വലാത്തുചൊല്ലാൻ തുടങ്ങി. ഒരു ദിവസം അദ്ദേഹം സ്വപ്നത്തിൽ നബി(സ) തിരുമേനിയുടെ റൗള കണ്ടു. ഒരു ശൂന്യമായ ഖബ്റും കണ്ടു. അവിടെ ഒരാൾവന്നു. അയാൾ പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു, അടുത്തുതന്നെ നി ങ്ങളുമായി കൂടിക്കാഴ്ച നടത്തുമെന്ന്! ഈ സ്വപ് നം അദ്ദേഹം അഹ്മദി മൗലവിയെ കേൾപ്പിച്ചപ്പോൾ അനുഗൃഹീത സ്വപ്നമാണെന്ന് മൗലവി പറഞ്ഞു. നിങ്ങൾ ഒരു ഉന്നതസ്ഥാനത്ത് എത്താൻപോകുകയാണെന്നും അറിയിച്ചു. ആ സ്വപ്നംകണ്ട് കുറച്ചു ദിവസം കഴിഞ്ഞ് ഒരു യാത്രക്കിടയിൽ ഒരു അഹ്മദിയുമായി അയാളുടെ കൂടിക്കാഴ്ച നടന്നു. അപ്പോൾ ആ അഹ്മദി പറഞ്ഞു: നിങ്ങളുടെ നഗരത്തിലുള്ള മസ്ജിദ് നൂറിൽ തീർച്ചയായും പോകുക. അങ്ങനെ അദ്ദേഹം ഒരു ദിവസം ജമാഅത്തിന്റെ മസ്ജിദ് നൂറിലെത്തി. ജുമാനമസ്കാരത്തിൽ പങ്കുചേർന്നു. അവിടെ അദ്ദേഹം ജമാഅത്തിനെ പരിചയപ്പെട്ടു. മുടങ്ങാതെ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. പിന്നീട് ബയ്അത്തുചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. പറഞ്ഞു: ഈ രീതിയിൽ നബി(സ)തിരുമേനി അടുത്തുതന്നെ കൂടിക്കാഴ്ച നടത്തുമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ജമാഅത്തിൽ പ്രവേശിക്കലായിരുന്നു.

വീണ്ടും ബെനിനിലെ മുബല്ലിഗ് എഴുതുന്നു: 'നമ്മുടെ ഒരു അഹ്മദി മുഅല്ലിം ഹംദീ ജിബ്രീൽ സാഹിബ് ഒരു തദ്ദേശ റേഡിയോയിൽ തബ്ലീഗ് പരിപാടി നടത്താറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ പരിപാടിയിൽ ഒരു സ്ത്രീയുടെ ഫോൺകോൾ വന്നു. അവർ പറഞ്ഞു, മസീഹിന്റെ പുനരാഗമനമുണ്ടായിട്ട് ഞങ്ങൾ അറിഞ്ഞില്ല എന്നത് എന്നെ സംബന്ധിച്ചിടത്തോളം വിസ്മയകരമായ കാര്യമാണ്. ഞാൻ മുസ്ലിമാണ്. എന്റെ കുടുംബം ക്രിസ്ത്യാനികളാണ്. മുസ്ലീംകളുടെ ഹിദായത്തിനായി മസീഹിന്റെ ആഗമനമുണ്ടാകുമെന്നും അപ്പോഴായിരിക്കും അവർക്ക് സന്മാർഗം കിട്ടുന്നതെന്നുമാണ് മുസ്ലീംകൾ തന്നെ പറയുന്നതെന്ന് പറഞ്ഞ് അവർ എന്റെ വായ അടപ്പിക്കുന്നു. താങ്കൾ എന്റെ ഗ്രാമത്തിൽ വരികയും അവരെ തബ്ലീഗ് ചെയ്യുകയും ചെയ്യുകയെന്ന് ആ സ്ത്രീ മുബല്ലിഗിനോടു പറഞ്ഞു. അങ്ങനെ ആ ഗ്രാമത്തിൽ നടന്ന ചില തബ്ലീഗ് പരിപാടി കാരണത്താൽ 227 പേർ ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേർന്നു.

മൗലവിമാരുടെ ശക്തി നടമാടുന്ന സ്ഥലങ്ങളിൽ അവർ ഭയപ്പെടുത്തി അഹ്മദികളെ അകറ്റാൻ ശ്രമിക്കുന്നു. പക്ഷേ, അല്ലാഹു മൗലവിമാരുടെ ഈ പ്രവർത്തനം കാരണത്താൽ ജനങ്ങൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് പ്രദാനം ചെയ്യുന്നു. ഒരുപാട് അത്തരം സംഭവങ്ങളുണ്ട്. ഒരു സംഭവം പറയാം. സാംമ്പിയായുടെ വടക്കൻ സംസ്ഥാനത്തെ ഒരു പട്ടണമാണ് mporokoso (മപോറോകോസോ) ഇതു സംബന്ധിച്ച് അവിടത്തെ മുബല്ലിഗ് എഴുതുന്നു: ഈ സ്ഥലത്തും കഴിഞ്ഞവർഷം ജമാഅത്ത് സ്ഥാപിതമായി. അവിടെ മൗലവിമാർ ഒരു മീറ്റിംഗ് വിളിച്ചു. (അവിടെ പാരമ്പര്യ മുസ്ലിംകളുണ്ട്) അതിൽ വിവിധ ആളുകളെ ക്ഷണിച്ചു. അവരിൽ ഒരു മുഹമ്മദു സഈദു സാഹിബും ഉണ്ടായിരുന്നു. അദ്ദേഹത്തിന് നമ്മുടെ ജമാഅത്തുമായി ബന്ധമുണ്ടായിരുന്നു. പക്ഷേ, അഹ്മദിയായിരുന്നില്ല. മീറ്റിംഗിന്നിടയിൽ മൗലവി പറഞ്ഞു: ഖാദിയാനികൾ അഭിവൃദ്ധിപ്പെടുന്നതായി നമുക്ക് ഒരു തരത്തിലും കാണാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇവർ എവിടെ പോയാലും നമ്മൾ അവരെ പിന്തുടരുന്നതാണെന്ന് തീരുമാനിച്ചിരിക്കുന്നു. അവരെ നമ്മൾ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതാണ്. ആളുകൾ ജമാഅത്തിൽനിന്ന് പിൻവാങ്ങുന്നില്ലെങ്കിൽ അവരെ കൊല്ലേണ്ടിവന്നാൽ കൊല്ലുകയും ചെയ്യുന്നതാണ്. ഈ മൗലവിമാർ സഈദു സാഹിബിനോടു പറഞ്ഞു: 'നിങ്ങളും അഹ്മദികളുമായി ഒരു തലത്തിലുള്ള ബന്ധവും ഇനി വെക്കരുത്.' (അവർക്കറിയാമായിരുന്നു, ഇദ്ദേഹത്തിന് നമ്മുടെ അടുക്കൽ വരവും പോക്കുമുണ്ടെന്ന്). അദ്ദേഹത്തെയും ഭീഷണിപ്പെടുത്തി. അഹ്മദിയ്യാ ജമാഅത്തുമായുള്ള നിങ്ങളുടെ ബന്ധം നിങ്ങൾ ഉപേക്ഷിച്ചില്ലെങ്കിൽ ഞങ്ങൾ ഏതുവരേയും പോകുന്നതായിരിക്കും. അതിന്റെ ഫലമെന്തായി! മുഹമ്മദ് സഈദ് സാഹിബ് മൗലവിമാരുടെ മീറ്റിംഗിനുശേഷം തന്റെ കുടുംബത്തോടൊപ്പം ജമാഅത്തിൽ ചേർന്നു. അദ്ദേഹം അവരോടു പറഞ്ഞു: നിങ്ങളെന്നെ ഭീഷണിപ്പെടുത്തിക്കൊള്ളുക; ഞാൻ ബയ്അത്തുചെയ്യുകയാണ്. ഇതിനുപുറമെയും ആ മീറ്റിംഗിനുശേഷം നഗരത്തിലെ 25 ആളുകൾ ജമാഅത്തിൽ ചേർന്നു. ഭീഷണിയുടെ ഫലം പുറത്തുവന്നു. അദ്ദേഹത്തിൽ സത്യം തുറന്നു. ആദ്യമുണ്ടായിരുന്ന സംഖ്യയെക്കാൾ അഹ്മദി കൾ വർധിച്ചു. അവർ ജമാഅത്തിന്റെ മടിത്തട്ടിൽ വന്നു. ഇതേ അവസ്ഥതന്നെയാണ് അൽജീരിയായിലും നടക്കുന്നത്. ഞാൻ പറഞ്ഞതുപോലെ! അവിടേയും ആളുകൾ അഹ്മദിയ്യത്തിനെ പരിചയപ്പെടുന്നത് വർധിച്ചുകൊണ്ടിരിക്കുകയാണ്. വിശാലമായ രീതിയിൽ ജനങ്ങൾ അഹ്മദിയ്യത്തിൽ ചേരാൻ തുടങ്ങുന്നഒരുകാലം വരുന്നതാണെന്ന് അവിടെ വസിക്കുന്നവർ വിശ്വസിക്കുന്നു. ഇൻശാഅല്ലാഹ്.

ഒരു സംഭവം വിവരിച്ചുകൊണ്ട് തൻസാനിയ അമീർ സാഹിബ് എഴുതുന്നു: നിയാങ്കമാറാ(Nyangamara)യിൽ ഒരു ദീർഘകാലമായി ജമാഅത്തുണ്ടായിരുന്നു. അവിടെ ഒന്നോ രണ്ടോ അഹ്മദി വീട്ടുകാരെ ഉണ്ടായിരുന്നുള്ളു. ഈ വർഷം (അതായത് 2016ൽ) തദ്ദേശ ജമാഅത്തിലെ അംഗങ്ങളുടെ സഹായത്താൽ അവിടെ ഔദ്യോഗികമായി തബ്ലീഗ് പരിപാടി സംഘടിപ്പിച്ചു. അതിൽ സന്നിഹിതരായവരോട് ഖിലാഫത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞു. അങ്ങനെ ആളുകൾക്ക് കാലത്തിന്റെ ഖലീഫയെ കാണാൻ താൽപര്യമുണ്ടായി. അവർ ഡിഷും ടിവിയും ഉണ്ടായിരുന്ന ഒരു അനഹ്മദിയോടു ടി.വിയിൽ എംടിഎ പിടിക്കാൻ അപേക്ഷിച്ചു. അങ്ങനെ അയാൾ എംടിഎ വെച്ചു. ജനങ്ങൾക്ക് ടി.വിയിൽ ഖലീഫത്തുൽമസീഹിനെ കാണാൻ അവസരം കിട്ടി. ഇപ്രകാരം ജമാഅത്തിന് തബ്ലീഗിന്റെ പുതിയവഴി തുറക്കപ്പെട്ടു. പറയുന്നു: ഈ വർഷം (അതായത് 2016ൽ) നമ്മുടെ സംഘം വീണ്ടും അവിടെ തബ്ലീഗിന് പോയി. അപ്പോൾ ഒരു മൗലവി പരിപാടി നടന്നുകൊണ്ടിരിക്കുമ്പോൾ ഫിത്ന ഉണ്ടാക്കാൻ ശ്രമിച്ചു. ഈ പരിപാടി വിജയിക്കുകയില്ലെന്ന് ഞങ്ങൾക്കു തോന്നി. പക്ഷേ, അല്ലാഹുവിന്റെ സഹായമുണ്ടായി. തബ്ലീഗ് പരിപാ ടിക്കും ചോദ്യോത്തരത്തിനും ശേഷം തദ്ദേശവാസികളിൽനിന്ന് ബയ്അത്ത് ചെയ്തിട്ടില്ലാത്ത ചിലർ ആ മൗലവി സാഹിബിനോടു പറഞ്ഞു,'അഹ്മദി കാഫിറാണെങ്കിൽ ഞങ്ങളും അഹ്മദികളാണ്. താങ്കൾ ഈ ഗ്രാമത്തിൽനിന്ന് പുറത്തുപൊയ്ക്കൊള്ളുക. അഹ്മദി പുറത്തു പോകുകയില്ല.' അങ്ങനെ മൗലവിയുടെ ഈ എതിർപ്പു കാരണത്താൽ ജനങ്ങളുടെ കൂടുതൽ ചായ്‌വു ജമാഅത്തിലേക്കുണ്ടായി. 38 ആളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യംകിട്ടി. പുതിയതായി ബയ്അത്തു ചെയ്തവരിൽ ഒരാൾ തന്റെ പ്ലോട്ടും മസ്ജിദ് നിർമിക്കുന്നതിനായി വഖ്ഫ് ചെയ്തു. ഒരു നവഅഹ്മദി പറഞ്ഞു: എന്റെ വീട് വലുതാണ്. മറ്റു സ്നേഹിതന്മാരുടെ വീടുകളെല്ലാം തൊട്ടടുത്തുമാണ്. അതുകൊണ്ട് മസ്ജിദുപണി കഴിയുന്നതുവരെ ജമാഅത്തായ നമസ്കാരം എന്റെ വീട്ടിൽ നടത്തിക്കൊള്ളുക. അങ്ങനെ ഇപ്പോൾ നിത്യവും സ്നേഹിതന്മാർ ഈ സ്ഥലത്ത് സംഘടിച്ച് നമസ്കാരം നിർവഹിച്ചു പോരുന്നു.

ഇത്തരത്തിലുള്ള ധാരാളം സംഭവങ്ങളുണ്ട്. ഇവിടങ്ങളിൽ എതിർപ്പുകൊണ്ടോ പ്രലോഭനംകൊണ്ടോ അഹ്മദിയ്യത്തിൽനിന്ന് ആളുകളെ അകറ്റാൻ ശ്രമം നടത്തുകയുണ്ടായി. പക്ഷേ, നിത്യവും തന്റെ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതു അല്ലാഹുവിന്റെ ജോലിയാണ്. ചിലയിടങ്ങളിൽ ജമാഅത്തിനെ കുറിച്ച് അറിവ് കരസ്ഥമാക്കിയ ആളുകൾ വരുന്നു. നമ്മൾ ഇക്കാര്യങ്ങൾ കണ്ടുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ കാര്യവും പൂർത്തിയാകുന്നതായി കാണുന്നു. അവിടന്ന് പറയുന്നു:'ഓർമിച്ചുകൊള്ളുക! എല്ലാ കാര്യങ്ങളും അല്ലാഹു തന്നെ ചെയ്യുന്നു.' വീണ്ടും പറയുന്നു:'മന്ദമാരുതൻ വീശാൻ തുടങ്ങി.' അല്ലാഹുവിന്റെ ജോലി പതുക്കെപ്പതുക്കെയാണ് നടക്കുന്നത്. പക്ഷേ, നടക്കും. തീർച്ചയായും നടന്നിരിക്കും. നടന്നുകൊണ്ടേ പോകുന്നതാണ്. ഇൻശാഅല്ലാഹ്. അതിനാൽ മുസ്ലീംകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർക്കുന്നതിനു പകരം അദ്ദേഹം അവരെ സംബോധന ചെയ്തു പറഞ്ഞ ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതാണ്. "ഓർമിച്ചുകൊള്ളുക!നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടായിരുന്നില്ലെങ്കിലും കാലത്തിന്റെ അവസ്ഥകൾ കണ്ട് മസീഹ് ഇതുവരെ കുരിശിനെ ഉടയ്ക്കാൻ എന്തുകൊണ്ട് വന്നില്ല എന്ന് അന്വേഷിച്ചു നടക്കേണ്ടത് അവർക്ക് അനിവാര്യമായിരുന്നു."

എതിർക്കുന്നതിനുപകരം അന്വേഷിക്കേണ്ടതായിരുന്നു. അന്വേഷിക്കാൻ കാലം വിളിച്ചോതുന്നുണ്ടായിരുന്നു. പറഞ്ഞു:'മുല്ലമാർക്ക് മനുഷ്യകുലത്തിന്റെ ക്ഷേമവും നന്മയുമായിരുന്നു ഉദ്ദേശ്യമെങ്കിൽ ഞങ്ങളോട് ചെയ്തുകൊണ്ടിരിക്കുന്നതുപോലെ ഒരിക്കലും അവർ അത് ചെയ്യുമായിരുന്നില്ല. ഞങ്ങൾക്കെതിരിൽ ഫത്‌വ നല്കിയിട്ട് എന്താണ് നേടിയതെന്ന് അവർ ചിന്തിക്കേണ്ടതായിരുന്നു. ഏതൊന്നിനോടു അല്ലാഹു ഉണ്ടാകാൻ പറഞ്ഞുവോ അതിനോടു ഉണ്ടാകരുതെന്ന് പറയാൻ ആർക്കാണ് കഴിയുക.' പറഞ്ഞു:'നമ്മുടെ എതിരാളികൾ തന്നെയും നമ്മുടെ ജോലിക്കാരും സേവകരുമാണ്. ഏതെങ്കിലും വിധത്തിൽ നമ്മുടെ കാര്യം അവർ കിഴക്കും പടിഞ്ഞാറും എത്തിച്ചുകൊണ്ടിരിക്കുന്നു.'(മൽഫൂദാത്ത് വാല്യം 1 പേജ് 397-398 1985 ലണ്ടൻ പതിപ്പ്)

ചില സംഭവങ്ങൾ ഞാൻ വിവരിച്ചു. അൽജീരിയായിലും പാക്കിസ്താനിലും അഹ്മദിയ്യത്തിനെ പരിചയപ്പെടുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ എതിർപുകൊണ്ട് നമുക്കൊരു ആശങ്കയുമില്ല. അൽജീരിയായിലായാലുംവേണ്ടില്ല. പാക്കിസ്താനിലായാലും വേണ്ടില്ല. മറ്റേതെങ്കിലും മുസ്ലിം രാജ്യത്താണെങ്കിലും വേണ്ടില്ല. നമ്മുടെ പ്രബോധനം ഈ എതിർപുമുഖേന മുമ്പത്തെക്കാൾകൂടുതൽ നടന്നുവരുന്നു. അഹ്മദിയ്യത്തിനെ ജനങ്ങൾ പരിചയപ്പെട്ടുകൊണ്ടിരിക്കുന്നു.

'എതിരാളികളായ ഉലമാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു:'ഓർമിച്ചു കൊള്ളുവിൻ! എന്നെ സ്വീകരിക്കുന്നില്ലെങ്കിൽ നിങ്ങൾ പിന്നീടൊരിക്കലും വാഗ്ദത്ത വ്യക്തിയെ കാണുകയില്ല.' പിന്നീടു പറഞ്ഞു:'തഖ്‌വായെ കൈവിട്ടു കളയരുതെന്നാണ് എന്റെ ഉപദേശം. ദൈവഭയത്തോടെ ഇക്കാര്യങ്ങളിൽ ചിന്തിക്കുക. തനിച്ചിരുന്ന് ആലോചിക്കുക. അവസാനം അല്ലാഹുവിനോടു ദുആ ചെയ്യുക.

അവൻ ദുആ കേൾക്കുന്നവനാണ്. സദുദ്ദേശ്യത്തോടെ ദുആ ചെയ്യുകയാണെങ്കിൽ അവൻ ദുആ സ്വീകരിക്കുന്നതാണ്. മാർഗദർശനവും നല്കുന്നതാണ്. ഇവർ അല്ലാഹുവിൽനിന്ന് മാർഗദർശനം കരസ്ഥമാക്കാൻ യോഗ്യരായിത്തീരട്ടെ. അല്ലാഹു അവരുടെ നെഞ്ചകം തുറക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ഒരു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. നാജി നൂഹ് സെവന്ദ് ഹെൻസൺ NajiNuh Svend Hansen സാഹിബിന്റെ ജനാസയാണിത്. ഇദ്ദേഹം ഡാനിഷ് അഹ്മദിയായിരുന്നു. മിനിയാന്നാണ് ഇദ്ദേഹം വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

1929 ജൂൺ 28 ന് കോപ്പൺഹേഗിലാണ് ഇദ്ദേഹം ജനിച്ചത്. മതപരമായി ഇദ്ദേഹം ലൂഥറൻ ചർച്ചുമായി ബന്ധപ്പെട്ടയാളായിരുന്നു. ഡന്മാർക്കിലെ ഒരു പ്രസിദ്ധ ഫെലോസഫ്റും ഡാനിഷ് റിഫോർമറുമായ Grundtviഴ ൽ വളരെ ആകർഷിതനായിരുന്നു. കർഷക കുടുംബവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹെൻസൺ സാഹിബ് 1951-ൽ ഡന്മാർക്കിലെ ടെക്നിക്കൽ സൂണിവേഴ്സിറ്റിയിൽനിന്ന് കെമിക്കൽ എഞ്ചിനിയറിംഗിൽ എം.എസ്.സി ചെയ്തു. പിന്നീട് മലേഷ്യയിൽ ഉദ്യോഗത്തിനായി പോയി. 1956 ജനുവരി 26ന് ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാം സ്വീകരിക്കാനുള്ള പ്രാഥമിക കാരണം ഒരു മുസ്‌ലിം സ്ത്രീയെ വിവാഹം കഴിക്കുക എന്നതായിരുന്നു. പക്ഷേ, അതിനുശേഷം അദ്ദേഹം സ്വയം ഇസ്‌ലാമിനെക്കുറിച്ച് ആഴത്തിൽ പഠിച്ചു. പിന്നീട് മനസ്സും ജീവനുംകൊണ്ട് ഇസ്‌ലാമികാധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യാൻ തുടങ്ങി.1964-ൽ തന്റെ ഭാര്യയോടൊപ്പം ആദ്യത്തെ ഹജ്ജ് ചെയ്യാനുള്ള സൗഭാഗ്യം കിട്ടി.അവിടെ അദ്ദേഹം നമസ്കാരത്തിൽ അല്ലാഹുവിനോടു ഇങ്ങനെ ദുആ ചെയ്തു:'ഹജ്ജ് നിറവേറ്റുന്നതിന്നിടയിൽ ഉണ്ടായിട്ടുള്ള വീഴ്ചകളും പോരായ്മകളും അല്ലാഹുവേ! മാപ്പാക്കിത്തരേണമേ. ഞാൻ ആത്മീയമായ നിലയിൽ നന്നായി കഴിഞ്ഞാൽ ഒരിക്കൽകൂടി എനിക്ക് ഹജ്ജ് ചെയ്യാൻ തൗഫീഖ് നല്കേണമേ.'അങ്ങനെ അല്ലാഹു അദ്ദേഹത്തിന്റെ ദുആ സ്വീകരിച്ചത് ഇങ്ങനെയാണ്. അദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം കിട്ടി. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം പിന്നീട് ഒരിക്കൽ കൂടി അദ്ദേഹം ഹജ്ജു ചെയ്തു. നിരവധി ഉമറകളും ചെയ്തു. 1965-ൽ അദ്ദേഹത്തിന്റെ ബന്ധം ജമാഅത്തുമായിട്ടുണ്ടായി. ഹദ്റത്ത് സഫ്റുല്ലാഹ് ഖാൻ സാഹിബ്(റ)1968-ൽ വഖ്ഫെ ആർസി ചെയ്യുന്നതിനുവേണ്ടി ഡന്മാർക്കിൽ പോയപ്പോൾ ഇദ്ദേഹം ചൗദ്രി സാഹിബിന്റെ കൂടെ കുറെ താമസിച്ചിരുന്നു. ആ സമയംവരെ ബയ്അത്ത് ചെയ്തിരുന്നില്ല. പക്ഷേ, അഹ്മദിയ്യത്തിന്റെ അധ്യാപനങ്ങളിൽ ആകർഷിതനായിക്കൊണ്ടിരുന്നു. കുറച്ചു ചോദ്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. 1969-ൽ പാക്കിസ്താനിൽ പോയി. ഹദ്റത്ത് ചൗദ്രി സാഹിബിന്റെ വീട്ടിൽ താമസിച്ചു. ഈ യാത്രയിൽ റബ്‌വയിലും പോയി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥുമായി കൂടിക്കാഴ്ചയ്ക്ക് സൗഭാഗ്യം കിട്ടി. ഈ സമയത്തിനുള്ളിൽ അദ്ദേഹം അഹ്മദിയ്യത്തിനെക്കുറിച്ച് ആഴത്തിൽ പഠനം നടത്തിക്കഴിഞ്ഞിരുന്നു. പക്ഷേ, പൂർണമായും സംതൃപ്തി ഉണ്ടായിരുന്നില്ല. അങ്ങനെ അമീറുൽമുഅ്മിനീനുമായി കൂടിക്കാഴ്ചാവേളയിൽ ചില ചോദ്യങ്ങളും ചോദിച്ചു. ഇക്കാരണത്താൽ, വീണ്ടും പറയുന്നു, അവിടെ വച്ച് അഹ്മദിയ്യത്തിന്റെ യാഥാർഥ്യം എന്നിൽ വെളിവാക്കപ്പെട്ടു. അങ്ങനെ തിരിച്ചുവന്ന് 1969 ഏപ്രിൽ 7ന് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ തിരുസന്നിധിയിൽ ബയ്അത്തിന്റെ കത്തെഴുതി അയപ്പിച്ചു. അഹ്മദിയ്യത്തിൽ പ്രവേശിച്ചു. പിന്നീട് ഖാദിയാനിൽ പോകാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. അവിടെ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖബ്റിന്നടുത്തുനിന്നുകൊണ്ട് നബി(സ) തിരുമേനിയുടെ സലാം എത്തിച്ചു. 1974 മുതൽ 1978 വരെ ഡന്മാർക്കിന്റെ നാഷണൽ സെക്രട്ടറി മാൽ എന്ന സ്ഥാനത്ത് സേവനം ചെയ്തുകൊണ്ടിരിക്കുകയും ആ വ്യവസ്ഥിതിയുടെ പ്രവർത്തനം കൂടുതൽ നന്നാക്കുകയും ചെയ്തു. 1985-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)അദ്ദേഹത്തെ ഡന്മാർക്ക് ജമാഅത്തിന്റെ അമീറായി നിയമിച്ചു. അതിനുമുമ്പേ അദ്ദഹം 1983 ഏപ്രിൽ 27 ന് നാഇബ് അമീറായി നിയമിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ചൗദരീ സഫ്റുല്ലാ ഖാൻ സാഹിബ്, സെവന്ദ് ഹെൻസൺ NajiNuh Svend Hansen സാഹിബിനെക്കുറിച്ച് പറയുന്നു: അദ്ദേഹത്തിന്റെ ഭാര്യ മലയായിലെ മുസ്‌ലിമാണ്. ഭാര്യയും ഭർത്താവും വെറും ആചാരപരമായ മുസ്‌ലിമല്ല. പ്രത്യുത ആത്മാർഥരും നോമ്പും നമസ്കാരവും അനുഷ്ഠിക്കുന്നവരുമാണ്.' ചൗദരി സാഹിബ് പറയുന്നു:'ഈ വിനീതൻ വളരെ വിരളമായിട്ടാണ് ഇത്രമാത്രം ഇസ്‌ലാമിക മൂല്യങ്ങളിൽ അലിഞ്ഞു ചേർന്ന പാശ്ചാത്യ മുസ്‌ലിമിനെ കണ്ടിട്ടുള്ളത്.'

അദ്ദേഹത്തിന് വിശുദ്ധ ഖുർആന്റെ പുനഃപ്രസിദ്ധീകരണത്തിനും തർജമ ചെയ്യാനും തൗഫീഖ് കിട്ടി. 1989-ൽ വിശുദ്ധ ഖുർആനിന്റെ ഡാനിഷ് തർജമയുടെ പുനഃപരിശോധിച്ച പതിപ്പ് കമ്പ്യൂട്ടൈസ്ഡ് കമ്പോസിംങ്ങോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽ Svend Hansen സാഹിബ് അമൂല്യമായ സേവനമാണ് ചെയ്തത്. മെഡ്സൺ സാഹിബിനെ ഇദ്ദേഹം ഒരുപാട് സഹായിച്ചു. 1986 മുതൽ രണ്ടുവർഷം മുമ്പേവരെ, ആരോഗ്യം നിലനിന്നതുവരെ ഏകദേശം എല്ലാ വർഷവും ഇവിടെ യു. കെ.ജൽസയിൽ വരുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലഘട്ടത്തിൽ ഇന്റർനാഷണൽ ശൂറാ നടന്നിരുന്നപ്പോൾ ഹുദൂറിനെ സഹായിക്കുക എന്ന ബഹുമതിയും ഇദ്ദേഹത്തിന് ലഭിച്ചു. ഇദ്ദേഹം സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ കൂട്ടായ പത്രമായ 'Aktive Islam"ന്റെ എഡിറ്ററുമായിരുന്നു. 1981-ൽ ഡന്മാർക്കിലെ ആദ്യത്തെ മജ്‌ലിസ് അൻസ്വാറുല്ലാഹ് സഈം തിരഞ്ഞെടുപ്പു നടന്നപ്പോൾ ഹെൻസൺ സാഹിബ് സഈമായി തിരഞ്ഞെടുക്കപ്പെട്ടു. 1986 വരെ ആ സ്ഥാനത്ത് തുടർന്നു. ഇദ്ദേഹത്തിന്റെ ഭാര്യ അഹ്മദിയായിരുന്നില്ല. എന്നല്ല ശക്തമായി എതിർത്തിരുന്നു. പക്ഷേ, എന്നിട്ടും അദ്ദേഹം അവരോട് സഹതാപത്തോടും വാത്സല്യത്തോടും കൂടി പെരുമാറി. പക്ഷേ, ജമാഅത്തിന് ചെയ്യുന്ന സേവനത്തിൽ ഒരു കുറവും വരാൻ അനുവദിച്ചിരുന്നില്ല. ചന്ദ കൃത്യമായി കൊടുത്തിരുന്നു. സാമ്പത്തിക ത്യാഗത്തിൽ അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു. കൂടുതൽ എന്തെങ്കിലുമുണ്ടെങ്കിൽ ജമാഅത്തിന്റെ ആവശ്യങ്ങൾക്കായി പ്രത്യേക അക്കൗണ്ടിൽ പണം നിക്ഷേപിക്കുമായിരുന്നു. ഡന്മാർക്കിൽനിന്ന് റിട്ടയേർഡായി പോകാനൊരുങ്ങുമ്പോൾ തന്റെ കാറും മിഷന് നല്കി. അദ്ദേഹത്തിന്റെ സാമ്പത്തിക ത്യാഗത്തെ കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഒരു കത്തിലെഴുതി: 'Svend Hansen സാഹിബിന്റെ സാമ്പത്തിക ത്യാഗം അനുകരണാർഹമാണ്. ഇദ്ദേഹം മാശാ അല്ലാഹ് ആരംഭം മുതലേ ആത്മാർഥതയുടേയും ത്യാഗത്തിന്റേയും സമാഹാരമാണ്. സാമ്പത്തിക ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ മാതൃകയാണ്. ഒരിക്കലും അദ്ദേഹത്തെ ഓർമിപ്പിക്കേണ്ടി വന്നിട്ടില്ല." തുടർന്ന് എഴുതുന്നു: 'ജമാഅത്തിലെ മറ്റു സുഹൃത്തുക്കളും ഇദ്ദേഹത്തെപോലെ ആകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പിന്നീട് സെക്രട്ടറി മാലിന്റെ ജോലി വെറും റെക്കോഡ് സൂക്ഷിക്കലാകട്ടെ. ഓർമിപ്പിക്കുന്നതിൽ അദ്ദേഹത്തിന് സമയം ചെലവഴിക്കേണ്ടി വരാതിരിക്കട്ടെ. അല്ലാഹു അങ്ങനെതന്നെ ആക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിക്കുന്നതാണ്. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും അഹ്മദിയ്യത്ത് സ്വീകരിക്കാനും അഹ്മദിയ്യത്ത് അനുസരിച്ച് കർമങ്ങൾ ചെയ്യാനും തൗഫീഖ് നല്കുമാറാകട്ടെ.

AL ISLAM

# എന്റെ സ്വർഗ്ഗം

**വാഗ്ദത്ത മഹ്ദീ മസീഹ്**
**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

"ത്രിയേകത്വവിശ്വാസം കൊണ്ടുണ്ടായിട്ടുള്ള ദൂഷ്യങ്ങളെ പരിഷ്ക്കരിക്കുന്നതിന്നായാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. 40 കോടിയിലധികം വരുന്ന ജനങ്ങൾ ഹദ്റത്ത് ഈസാ(അ)യെ ദൈവമായി പൂജിക്കുന്ന അതിദാരുണമായ ഈ കാഴ്ച എന്നെ അത്യധികം വേദനിപ്പിച്ചിരിക്കുകയാണ്. മറ്റു വല്ലതും എന്റെ ജീവിതത്തിൽ ഇതിലും കൂടുതൽ എന്നെ വേദനിപ്പിച്ചതായി എനിക്കറിയില്ല. ദുഃഖവും വ്യസനവും കാരണം എനിക്ക് മരിക്കാൻ സാധ്യമായിരുന്നെങ്കിൽ, ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തെ വിട്ടുകൊണ്ട് ഒരു പാവം മനുഷ്യനെ എന്തുകൊണ്ട് ഇവർ പൂജിക്കുന്നു എന്നും സ്വച്ഛമായ മാർഗ്ഗദർശനവും സത്യമാർഗ്ഗവും കൊണ്ട് ലോകത്ത് അവതീർണരായ ആ പ്രവാചകനെ എന്തുകൊണ്ട് അവർ വിശ്വസിക്കുന്നില്ല എന്നുമുള്ള ദുഃഖം എന്റെ അന്ത്യം കുറിക്കുമായിരുന്നു. ഈ ദുഃഖത്തിന്റെ ആഘാതത്താൽ ഞാൻ ഇല്ലാതായിത്തീരുമോ എന്നുപോലും ഞാൻ ഭയപ്പെടാറുണ്ട്. ഈ വേദന കാരണം എന്റെ അവസ്ഥ മറ്റുള്ളവർ പരലോകത്ത് സ്വർഗം ആഗ്രഹിക്കുമ്പോൾ എന്റെ സ്വർഗം എന്റെ ജീവിതത്തിൽ തന്നെ ഈ കൊടിയശിർക്കിൽനിന്നും ജനങ്ങൾ മോചിതരായിക്കാണുന്നതിലും ഏക ദൈവത്തിന്റെ പ്രതാപം പ്രകടമാകുന്നതിലുമാണ്. എന്റെ ആത്മാവ് എപ്പോഴും ഇപ്രകാരം പ്രാർഥിച്ചുകൊണ്ടിരിക്കുകയാണ്. രക്ഷിതാവേ! ഞാൻ നിന്നിൽനിന്നുള്ളവനാണെങ്കിൽ, നിന്റെ അനുഗ്രഹത്തിന്റെ ഛായ എനിക്ക് മീതെയുണ്ടെങ്കിൽ ഹദ്റത്ത് മസീഹ്(അ)ന്റെ തലക്കുമീതെ തൂങ്ങിക്കിടക്കുന്ന അദ്ദേഹം ദൈവമാണെന്ന് വാദിച്ചു (നഊദുബില്ലാഹ്) എന്ന ആരോപണത്തിൽനിന്നും അദ്ദേഹം മുക്തമാക്കപ്പെടുന്ന ആ സുന്ദരസുദിനം എനിക്ക് കാണിച്ചുതരേണമേ! ഒരു ദീർഘകാലമായി ഞാൻ അഞ്ചുനേരവും ഇപ്രകാരം പ്രാർഥിക്കാറുണ്ട്. അല്ലാഹു ഇക്കൂട്ടർക്ക് കാഴ്ച നൽകുമാറാകട്ടെ. ഇവർ അവന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും അവന്റെ റസൂലിനെ തിരിച്ചറിയുകയും ത്രിയേകത്വവിശ്വാസത്തിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നവരാകുമാറാകട്ടെ."

**(തബ്‌ലീഗെ രിസാലത്ത്, വാള്യം- 7, പേ- 71-72)**

**പേജ് 1ൽ നിന്ന്**

ചിരിക്കുന്നു. അതായത് ***വ ആവയ്നാഹുമാ ഇലാ റബ്‌വത്തിൻ ദാത്തി ഖരാറിൻവ്വ മയീൻ ഈസാക്കും*** അദ്ദേഹത്തിന്റെ മാതാവിനും വാസയോഗ്യവും നീരുറവുള്ളതുമായ ഒരു കുന്നിൻ പ്രദേശത്ത് അഭയം നല്കി. (23:51) ഈ ആയത്തിൽ കശ്മീരിനെക്കുറിച്ചുള്ള ഒരു ചിത്രം തന്നെ കാണിച്ചുതന്നിരിക്കുന്നു. ആവാ എന്ന വാക്ക് ഏറ്റവും ആപല്ക്കരവും ദുരിതപൂർണ്ണവുമായ അവസ്ഥയിൽനിന്ന് അഭയം നല്കുന്നതിന്നായിട്ടാണ് പ്രയോഗിക്കപ്പെടുന്നത്. കുരിശുസംഭവത്തിനുമുമ്പേ ഹദ്റത്ത് ഈസാനബിക്കും അദ്ദേഹത്തിന്റെ മാതാവിനും അഭയം തേടത്തക്കവണ്ണം ആപല്ക്കരമായ ഒരവസ്ഥയും ഉണ്ടായിട്ടില്ല. അല്ലാഹുതആല ഈസാനബിയേയും അദ്ദേഹത്തിന്റെ മാതാവിനേയും കുരിശുസംഭവത്തിനുശേഷം പ്രസ്തുത കുന്നിൻപ്രദേശത്തെത്തിക്കുകയാണുണ്ടായത്.

4. യേശുമസീഹിന് നാല് സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. അവരൊക്കെ യൂസുഫിന്റേയും മർയമിന്റേയും സന്തതികളായിരുന്നു. നാല് സഹോദരന്മാരുടെ പേരുകൾ യഹോദാ, യഅ്ഖൂബ്, ശംഊൻ, യോസസ് എന്നും രണ്ട് സഹോദരിമാരുടെ പേരുകൾ ആസിയ, ലീദിയാ എന്നുമായിരുന്നു. (നോക്കുക അപ്പോസ്തലിക് റിക്കാർഡ്സ്, ഗ്രന്ഥർത്താവ്: പാതിരി ജോൺ ഈലൻ ഗായിൽസ്, പേജ്: 159-166. ലണ്ടൻ, 1886).

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 11 May 2017 Issue-19

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
**ANNUAL SUBSCRIPTION** Rs.300/-

**പേജ് 2ൽ നിന്ന്**

യമങ്ങൾ ഉണ്ടാക്കേണ്ടതില്ല. അവർ തങ്ങളുടെ കഴിവുകൾ തെറ്റായ നിലയിൽ ഉപയോഗിച്ചാൽ അതുമുഖേന സമൂഹത്തിൽ അസ്വസ്ഥതയും നിരാശയും വ്യാപിക്കുന്നതാണ്. ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ അത് വർധിച്ചുകൊണ്ടു പോകുകയും സമൂഹത്തിൽ സമാധാനഭംഗമുണ്ടാകുകയും ചെയ്യുന്നതായിരിക്കും.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഭീകരവാദവിഭാഗത്തെ സഹിക്കേണ്ടതാണെന്നും അല്ലെങ്കിൽ അവരുടെ ചിന്താഗതികളേയും വിശ്വാദർശങ്ങളേയും പിൻപറ്റാൻ അനുവാദം നല്കേണ്ടതാണെന്നും ഞാൻ ഒരിക്കലും പറയുന്നില്ല. എവിടെയാണെങ്കിലും എപ്പോഴാണെങ്കിലും ആരെങ്കിലും തന്റെ മതത്തെ അടിത്തറയാക്കി അക്രമം ചെയ്യുകയും അനീതി കാണിക്കുകയും മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുകയും ഭരണകൂടത്തിന്നെതിരെ പ്രവൃത്തിക്കുകയും അല്ലെങ്കിൽ ഏതെങ്കിലും രീതിയിൽ രാജ്യത്ത് സമാധാനഭംഗമുണ്ടാക്കുകയുമാണെങ്കിൽ തീർച്ചയായും ഭരണകൂടത്തിന്റേയും ഭരണാധികാരികളുടേയും ഉത്തരവാദിത്വമാണ് അതിനെ അടിച്ചമർത്തുക എന്നത്. അത്തരം അവസ്ഥകളിൽ ഭരണകൂടത്തിനും അസംബ്ലി അംഗങ്ങൾക്കും ബന്ധപ്പെട്ട മറ്റു ഭരണാധികൾക്കും അതിനെ അമർച്ച ചെയ്യാൻ അനുവാദമുണ്ട്. അത് തികച്ചും അനുവദനീയമാണ്. രാജ്യത്തിന്റെ നിയമമനുസരിച്ച് അവരെ ശിക്ഷിക്കുക. മതപരമായ വിശ്വാസാദർശങ്ങളിലൂടേയും മാർഗങ്ങളിലൂടേയും സമാധാനപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരിൽ അനാവശ്യമായി ഭരണകൂടം കൈകടത്തുന്നതും എന്റെ ദൃഷ്ടിയിൽ തെറ്റാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞങ്ങൾ അറിയുന്നതും ഞങ്ങൾ വിശ്വസിക്കുന്നതുമായ ഇസ്‌ലാം ഞങ്ങളെ പഠിപ്പിക്കുന്നത് മുസ്‌ലിം എന്ന നിലയിൽ സ്വന്തം ദേശത്തെ സ്നേഹിക്കുക എന്നത് ഞങ്ങളുടെ വിശ്വാസത്തിന്റെ ഒരു അനിവാര്യ ഭാഗമാണെന്നാണ്. ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് ഒരാളുടെ സ്ഥലം എന്നു പറയുന്നത് അയാൾ എവിടെയാണോ താമസിക്കുന്നത് അതാണ്. അയാൾ എവിടെനിന്നാണോ ഫലമെടുത്തുകൊണ്ടിരിക്കുന്നത് ആ സ്ഥലമാണ് അയാളുടെ സ്ഥലം. മുസ്‌ലീംകളുടെ മനസ്സിലും ബുദ്ധിയിലും ഇത്തരം അധ്യാപനമുണ്ടാകുമ്പോൾ തന്റെ നാടിനുവേണ്ടി ദുഷ്ചിന്ത വെച്ചു പുലർത്താൻ അവന് സാധിക്കുകയില്ല. തങ്ങളുടെ നാടിന് നഷ്ടം വരുത്താനും അവന് കഴിയുകയില്ല.

ഇസ്‌ലാമികാധ്യാപനമനുസരിച്ച് ദേശീയ നിയമം അത്തരക്കാർക്ക്-സ്വന്തം നാടിന് വിരുദ്ധമായി ചുവടു വെക്കുന്നവർക്ക് ശിക്ഷ നല്കുമെന്ന് മാത്രമല്ല അത്തരക്കാർ അല്ലാഹുവിന്റെ സന്നിധിയിലും മറുപടി പറയേണ്ടതായി വരും. അല്ലാഹു അവരോടു അവരുടെ ദുഷ്കർമങ്ങൾക്കും രാജ്യദ്രോഹത്തിനും കണക്കു ചോദിക്കും. ഒരു യഥാർഥ മുസൽമാനെ ഭയക്കേണ്ടതായ ഒരു ആവശ്യവുമില്ല. നിസാരമായ മതപരമായ കാര്യങ്ങൾക്കും സമൂഹത്തിനും ഭരണകൂടത്തിനും നഷ്ടമോ ഭീഷണിയോ ഇല്ലാത്ത ഇത്തരം രീതികൾക്കുമെതിരെ നിയമനിർമാണം നടത്തേണ്ട കാര്യം സർക്കാറിനുമില്ല. അത്തരം കാര്യങ്ങളിലുള്ള കൈകടത്തലിനെ അനാവശ്യമായ ഇടപെടലെന്നേ പറയാൻ പറ്റുകയുള്ളു. പാശ്ചാത്യലോകം വലിയ അഭിമാനത്തോടെ വാദിക്കുന്ന സ്വാതന്ത്ര്യത്തെ തകർക്കുകയാണ്. അതായത് എല്ലാ ഓരോ വ്യക്തിക്കും പൂർണസ്വാതന്ത്ര്യമുണ്ടെന്നും സ്വയം പര്യാപ്തതയുടെ പൂർണമായ അവകാശമുണ്ടെന്നുമുള്ള വാദം! നിസംശയം, ഇത്തരം അനീതിപരമായ കൈകടത്തൽ പോസിറ്റീവായിട്ടുള്ള ഫലങ്ങളൊന്നും വെളിപ്പെടുത്തുകയില്ല. ഇതുമുഖേന വെറും അസ്വസ്ഥതയും അസാമാധാനവും വിശ്വാസമില്ലായ്‌മയും വർധിക്കുകയാണ് ചെയ്യുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: തങ്ങളുടെ പൗരന്മാരുടെ അവകാശങ്ങൾ ഇല്ലാതാക്കുന്നതിനുപകരം ജനങ്ങളുടെ സുരക്ഷിതത്വത്തിനായി അവരുടെ അവകാശങ്ങൾ നിലനില്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത് ഭരണകൂടത്തിന്റേയും അസംബ്ലി അംഗങ്ങളുടേയും ജോലിയാണ്. എല്ലാ ജനങ്ങളുടേയും അവകാശം എപ്പോഴും നിലനില്ക്കുന്നതിനുവേണ്ടി അവർ മുസ്‌ലീംകളാവട്ടെ, ക്രിസ്‌ത്യാനികളാവട്ടെ, ഹിന്ദുക്കളാവട്ടെ, സിക്കുകാരാവട്ടെ, ഏതു മത്തിൽപെട്ടവരുമാകട്ടെ, അല്ലെങ്കിൽ മതമില്ലാത്തവരാകട്ടെ ഇതിൽ പെട്ടെന്ന് നടപടിയുണ്ടാകേണ്ടതാണ്. ഞാൻ മുമ്പേ പറഞ്ഞു കഴിഞ്ഞതുപോലെ മുസ്‌ലിം രാഷ്ട്രങ്ങളിലും ചില അമുസ്‌ലിം വികസ്വര രാജ്യങ്ങളിലും സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളുടെ വേരുമുറിച്ചു കളയുന്ന രീതിയിലുള്ള ചില പോളിസികൾ ഉണ്ടാക്കിയിരിക്കുന്നു എന്നത് വളരെ ദുഃഖകരമായ കാര്യമാണ്. ഇതുമുഖേന പൊതുജനങ്ങളിലെ വിവിധ വാഭാഗങ്ങളിൽ അസ്വസ്ഥത ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് വൻശക്തികൾ ചെയ്യേണ്ടത് അവർ മറ്റുള്ളവരെ കാണിക്കുന്നതിനുപകരം തങ്ങളുടെ വലിയ ചിത്രങ്ങൾ മുന്നിൽ വെക്കുക എന്നതാണ്. എങ്ങനെ തങ്ങൾക്ക് സ്വന്തം നാട്ടിൽ സമാധാനം സ്ഥാപിക്കാൻ കഴിയുമെന്ന് നോക്കുക. അവരുടെ രാജ്യവും മറ്റു ലോകവും ഒന്നാകുകയും എപ്പോഴും ഐശ്വര്യത്തിലേക്ക് മുന്നേറുകയും ചെയ്യുമെന്ന കാര്യം ഉറപ്പു വരുത്തുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പക്ഷേ, ദൗർഭാഗ്യകരമെന്നു പറയട്ടെ, ഭാവിയെ കുറിച്ച് ചിന്തിക്കുന്നതിനു പകരം ഭൂരിഭാഗം ഭരണാധികാരികളും ഭരണകൂടങ്ങളും അധികാരം കൈവശപ്പെടുത്തുന്നതിനുള്ള നെട്ടോട്ടത്തിലും മറ്റുള്ളവരുടെമേൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുന്നതിനുമുള്ള യുദ്ധത്തിലുമാണുള്ളത്. അധികാരം കൈവശപ്പെടുത്തണമെന്ന അതിമോഹത്താൽ അവർ തങ്ങളുടെ പൗരന്മാരുടെ വ്യക്തിപരവും മതപരവുമായ കാര്യങ്ങളിൽ കൈകടത്തിക്കൊണ്ടിരിക്കുന്നു. അത്തരം പോളിസികൾ അനാവശ്യമാണ്. അത് കൂടുതൽ ഛിദ്രതയിലേക്ക് കൊണ്ടുപോകുന്നതുമാണ്. തങ്ങൾ മുമ്പേതന്നെ വലിയ ബുദ്ധിമുട്ടുകളേയും പ്രശ്നങ്ങളേയും നേരിട്ടുകൊണ്ടിരിക്കുകയാണ് അതാണെങ്കിൽ സമൂഹത്തിനും ഭീഷണിയാണ് എന്ന കാര്യം മുന്നിൽ വെച്ചുകൊണ്ടായിരിക്കും അവർ പ്രതികരിക്കുക. ഉദാഹരണത്തിന് പരിസ്ഥിതികളിലുണ്ടാകുന്ന മാറ്റവും മനുഷ്യവാസത്തിന്ന് വലിയ ഭീഷണിയാണെന്ന് പറയപ്പെടുന്നു. പിന്നീട് സാമ്പത്തികാടിസ്ഥാനത്തിലും ലോകം അവിശ്വസനീയമായ രീതിയിൽ നാശത്തിലാണുള്ളത്. ലോകത്തിലെ മിക്ക ഭാഗങ്ങളിലും സുരക്ഷിതത്വമില്ലായ്‌മയുടേയും അസമാധാനത്തിന്റേയും പ്രശ്നങ്ങളും ഉണ്ടായിരിക്കുന്നു. അനീതിപരമായ പ്രവൃത്തികളുടേയും അസന്തുലിതാ അവസ്ഥയുടേയും ഫലമായാണ് ഈ എല്ലാ പ്രശ്നങ്ങളുമുണ്ടാകുന്നത്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: നമ്മൾ പരിസ്ഥിതികളിലുണ്ടാകുന്ന മാറ്റത്തെ എടുത്തു നോക്കുക. ഗ്ലോബൽവാമിംഗിന്റെ ഒരു വലിയ കാരണം പാശ്ചാത്യ ദേശത്തുണ്ടായിട്ടുള്ള വ്യവസായ വിപ്ലവമാണ്. വൻതോതിൽ വനങ്ങൾ വെട്ടി നശിപ്പിച്ചതാണ്. ഇപ്പോൾ ഈ രാജ്യങ്ങൾ വികസിത രാജ്യങ്ങളായി കഴിഞ്ഞപ്പോൾ കാർബണിൽ കുറവു വരുത്താനും മറ്റു വ്യാവസായികമായ നിയന്ത്രണങ്ങൾ ഏർപെടുത്താനും ആവശ്യപ്പെടുന്നു. അത്തരം നിയമങ്ങളും ചട്ടങ്ങളും ചൈന, ഭാരതം തുടങ്ങി വളർന്നുവരുന്ന ശക്തികളുടെ അഭിവൃദ്ധിയെ ക്ഷയിപ്പിക്കുകയും അവയിൽ തടസ്സങ്ങളുണ്ടാക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ഈ വളർന്നുവരുന്ന ശക്തികൾ ആ നിയന്ത്രണങ്ങളെ അനീതിപരവും കാപട്യവുമായി സങ്കല്പിക്കുന്നു. തങ്ങളുടെ അഭിവൃദ്ധിയെ തടയുന്നതിനും വേൾഡ് ഓർഡറിനെ വെല്ലുവിളിച്ചും കൊണ്ടുള്ള അവരുടെ ഒരു ചുവടുവയ്‌പാണ് അതെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് പാരസ്ഥിതികമായുണ്ടാകുന്നമാറ്റത്തിന്റെ പ്രശ്നം പാരസ്ഥിതികളിൽമാത്രം ഒതുങ്ങി നില്ക്കുന്നില്ല. മറിച്ച് ഇത് ലോകത്തിന്റെ അസമാധാനത്തിൽ ഒരു പ്രധാന പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. ജനതകൾക്കിടയിൽ സമ്മർദവും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരംതന്നെ ആഗോള സാമ്പത്തിക പ്രശ്നങ്ങളുടെ വീക്ഷണങ്ങളിൽ, വിവിധ സർക്കാറുകളുടെ ബുദ്ധിപരമല്ലാത്ത പോളിസികളും സാമ്പത്തികമായ അവിശ്വസനീയ പരിതഃസ്ഥിതികളും ലോകസമാധാനത്തേയും അപകടത്തിലിട്ടുകൊണ്ടിരിക്കുന്നുവെന്ന് സാമ്പത്തിക വിദഗ്ദരും ഇപ്പോൾ അംഗീകരിക്കാൻ നിർബന്ധിതരായിരിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഈ കാരണങ്ങൾക്കു പുറമേയും ലോക സമാധാനത്തെ ബാധിക്കുന്ന വേറെയും ഒരുപാട് പ്രവർത്തനങ്ങളുമുണ്ട്.

## ദൃഢജ്ഞാനം കരസ്ഥമാക്കുക

“ദൈവം എന്നെ ഈ ലോകത്തേക്ക് അയച്ചിരിക്കുന്നത്, മാർഗഭ്രംശം സംഭവിച്ച മനുഷ്യരാശിയെ സഹിഷ്ണുതയിലൂടെയും സൽസ്വഭാവത്തിലൂടെയും സഹനത്തിലൂടെയും ദൈവത്തിലേക്കും അവന്റെ സംശുദ്ധമായ അധ്യാപനങ്ങളിലേക്കും അടുപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ്. ‘ദൈവം ഉണ്ട്’ എന്ന ദൃഢബോധ്യം ലഭിക്കുന്നതരത്തിലുള്ള പ്രബലമായ തെളിവുകളാണ് മനുഷ്യന് ഇന്നാവശ്യം. കാരണം ദൈവത്തിന്റെ അസ്‌തിത്വത്തിലും അവന്റെ വെളിപാടിലൂടെ ലഭിച്ചിട്ടുള്ള മാർഗദർശനത്തിലും വിശ്വാസം ഇല്ലാത്തതുകൊണ്ടാണ് ഒരു വലിയ സമൂഹം നാശത്തിലേക്ക് ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ അസ്‌തിത്വം അംഗീകരിക്കുന്നതിനുള്ള ഋജുവും യുക്തവുമായ ഒരേയൊരു മാർഗം ദൈവം തന്റെ വരിഷ്ഠദാസർ മുഖേന നൽകുന്ന പരോക്ഷജ്ഞാനങ്ങളെ കുറിച്ചും ഗുപ്തമായ കാര്യങ്ങളെക്കുറിച്ചും ഭാവിയിൽ നടക്കാൻ പോകുന്ന സംഭവങ്ങളെക്കുറിച്ചുമുള്ള അറിവുകളാണ്. മനുഷ്യശക്തിക്ക് ഒരിക്കലും ചെന്നെത്താൻ കഴിയാത്ത അതിനിഗൂഢ രഹസ്യങ്ങൾ അവൻ തന്റെ സമീപസ്ഥരായ ദാസർക്ക് അറിയിച്ചുകൊടുക്കുന്നു. ദൈവികശക്തിപ്രഭാവവും ദൈവകല്പനയും അടങ്ങിയ ഭാവിസംഭവങ്ങളും പരോക്ഷവാർത്തകളും മനുഷ്യന് തന്റെ കയ്യൂക്കുകൊണ്ട് ഒരിക്കലും നേടിയെടുക്കാൻ സാധ്യമല്ലെന്ന് നിസ്സംശയം പറയാം. അതുകൊണ്ട് വഴിതെറ്റിയ ജനതയെ ദൈവികാടയാളങ്ങൾ മുഖേന യഥാർഥപന്ഥാവിലൂടെ നടത്താൻ മുഴുവൻ മനുഷ്യരിൽനിന്ന് എന്നെ തിരഞ്ഞെടുത്തു എന്നത് ദൈവം എന്നോട് ചെയ്‌ത വലിയൊരു ഔദാര്യമാണ്. എന്നാൽ, ക്രിസ്‌തീയ മതാനുയായികളും പാതിരിമാരും സത്യത്തിൽനിന്ന് ബഹുദൂരം അകന്നതായും, അവർ നേർമാർഗത്തിൽനിന്ന് സ്വയം അകലുക മാത്രമല്ല ആയിരക്കണക്കിന് മൈലുകൾ താണ്ടി കരയിലും കടലിലും സഞ്ചരിച്ച് മറ്റുള്ളവരേയും തങ്ങളെപ്പോലെ ആക്കിത്തീർക്കാൻ ശ്രമിക്കുന്നതായും വാനലോകത്തുനിന്ന് ദൈവം ദർശിച്ചതു കാരണം മനുഷ്യരോട് കരുണയുള്ള ദൈവം മനുഷ്യരെ ഇവരുടെ ചതിക്കുഴിയിൽനിന്നും രക്ഷിക്കാൻ ആഗ്രഹിക്കുകയും അങ്ങനെ അവൻ തന്റെ മസീഹായ ഈയുള്ളവനെ അയക്കുകയും ചെയ്‌തു. ഹദ്റത്ത് ഈസാ നബി (അ)ന്റെ ശരീരത്തെ തുളയ്ക്കുകയും മുറിവേൽപ്പിക്കുകയും ചെയ്‌ത ആ കുരിശ്, ഈ മസീഹ് തെളിവുകളാകുന്ന ആയുധംകൊണ്ട് തകർക്കുന്നതാണ്.” **(തരിയാഖുൽ ഖുലൂബ്, പേ-13-14)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin